**2010 ഏപ്രിൽ .... ന് പ്രസിദ്ധപ്പെടുത്തുന്ന**

**ഇന്ത്യൻ ഗസറ്റ്, അസാധാരണം, ഭാഗം II, വിഭാഗം-3,**

**ഉപവിഭാഗം (ii) -ൽ പ്രസിദ്ധപ്പെടുത്താനുള്ളത്**

**ഇന്ത്യ ഗവൺമെന്റ്**
**വനം പരിസ്ഥിതി മന്ത്രാലയം**

ന്യൂഡൽഹി

ഏപ്രിൽ 2010

എസ്. ഒ..... (ഇ). 19 ഫെബ്രുവരി 1991 തീയതിവച്ച് എസ്. ഒ. 114 (ഇ) നമ്പരായി കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപന (ഇനിമേൽ വിജ്ഞാപനം എന്നു വിളിക്കുന്നതായിരിക്കും) പ്രകാരം തീരനിയന്ത്രണമേഖല പ്രഖ്യാപിക്കുകയും ആ മേഖലകളുടെ സംരക്ഷണത്തിനായി ആയതിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനും ഇതര പ്രവർത്തനങ്ങളും പദ്ധതികളും നടപ്പാക്കുന്നതിനും ഏതാനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നതാണ്.

*1993 ഏപ്രിൽ 19-ന് 1993-ലെ 664-ാം നമ്പരായി വന്ന റിട്ട് ഹർജി പരിഗണിക്കവെ കേന്ദ്രഗവൺമെന്റിനും തീരദേശ സംസ്ഥാനങ്ങൾക്കും ബഹുമാനപ്പെട്ട സുപ്രീംകോടതി ചുവടെ പറയുന്ന നിർദേശങ്ങൾ നൽകുകയാണുണ്ടായത്. "ഇന്ത്യയ്ക്കാകെ 6000 കിലോമീറ്റർ ദൈർഘ്യത്തിൽ തീരപ്രദേശം ഉള്ളതാണ്. രണ്ടു വിജ്ഞാപനങ്ങളും വേണ്ട രീതിയിൽ ഏകീകരിക്കുകയും തീരമേഖലയിലാകെ നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടത് ഈ മേഖല നിലനിൽക്കുന്ന തീരദേശ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണപ്രദേശങ്ങളുടെയും ചുമതലയാകുന്നു."*

*ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവുകൾ പ്രകാരം തീരദേശ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും തീരമേഖല പരിപാലന പദ്ധതികൾ 1996 സെപ്തംബർ 27-ാം തീയതി വച്ച് ഭേദഗതികളും നിബന്ധനകളും സഹിതം തീരമേഖലാ പരിപാലന പദ്ധതികൾ അംഗീകരിച്ചിട്ടുള്ളതാണ്.*

*മേൽപ്പറഞ്ഞ വിജ്ഞാപനങ്ങളുടെ അടിസ്ഥാന ലക്ഷ്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ പിന്നീട് കാലാകാലങ്ങളിൽ വിവിധ സമിതികളുടെ ശുപാർശകൾ, കോടതി ഉത്തരവുകൾ, പൊതുജനങ്ങളിൽ നിന്നും കേന്ദ്രഗവൺമെന്റ് വകുപ്പുകളിൽ നിന്നും തീരദേശ സംസ്ഥാന ഗവൺമെന്റുകളിൽ നിന്നുമുള്ള നിവേദനങ്ങൾക്കനുസൃതമായും മേൽപ്പറഞ്ഞ വിജ്ഞാപനം ഭേദഗതി ചെയ്തിട്ടുള്ളതാകുന്നു.*

*തീരദേശ മേഖലകളുടെ സുസ്ഥിരമായ വികസനത്തിനും തീരദേശവിഭവങ്ങളുടെ സംരക്ഷണത്തിനും മേൽപ്പറഞ്ഞ വിജ്ഞാപനം ഫലപ്രദമായി നടപ്പാക്കുമ്പോൾ തുടർച്ചയുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി കേന്ദ്രഗവൺമെന്റിലെ വനം-പരിസ്ഥിതി മന്ത്രാ*

ലയം പ്രഫ. എം. എസ്. സ്വാമിനാഥനൻ അധ്യക്ഷനായി ഒരു വിദഗ്ധസമിതിക്ക് രൂപം നൽകിയിട്ടുള്ളതാകുന്നു. പരിസ്ഥിതി നിയമം, സമുദ്ര ജൈവ വൈവിധ്യം, സമുദ്ര ഭൂശാസ്ത്രം, പാരിസ്ഥിതിക സാമ്പത്തികശാസ്ത്രം, സാമൂഹ്യ സാമ്പത്തിക പഠനം, റിമോട്ട് സെൻസസിംഗ്, തീരദേശ എൻജിനിയറിംഗ്, നഗര ആസൂത്രണം, സമുദ്ര മത്സ്യസമ്പത്ത് എന്നീ മേഖലകളിലെ വിദഗ്ധരായിരുന്നു സമിതി അംഗങ്ങൾ. മുൻകാലങ്ങളിൽ രൂപീകൃതമായിരുന്ന വിവിധ സമിതികളുടെ നിരീക്ഷണങ്ങൾ, കോടതി ഉത്തരവുകൾ, വിവിധ തൽപരവിഭാഗങ്ങളിൽ നിന്നുള്ള നിവേദനങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ മേൽപ്പറഞ്ഞ വിജ്ഞാപനത്തിന്റെ സമഗ്രമായ അവലോകനം നടത്തുകയും തീരദേശ പാലനമേഖലാതത്വങ്ങൾ തീരദേശനിയന്ത്രണ സംവിധാനത്തിന് അനുരൂപമാക്കിത്തീർക്കുന്ന വിധത്തിൽ ആവശ്യമെങ്കിൽ ഭേദഗതികൾ നിർദേശിക്കുകയുമായിരുന്നു സമിതിയുടെ ലക്ഷ്യം.

കൃത്യമായ ശുപാർശകൾ സഹിതം മേൽപ്പറഞ്ഞ വിദഗ്ധസമിതി തങ്ങളുടെ റിപ്പോർട്ട് 2005 ഫെബ്രുവരി 14 –ന് കേന്ദ്രഗവൺമെന്റിലെ വനം പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുള്ളതാകുന്നു. നിലവിലുള്ള നിയന്ത്രണങ്ങളും സംഘടനാപരമായ സംവിധാനങ്ങളും ശക്തിപ്പെടുത്തണമെന്നും തീരദേശ വിഭവങ്ങളുടെ പരിപാലനത്തിനും ക്ഷണത്തിനും മെച്ചപ്പെടുത്തലിനും നിലവിലുള്ള സംവിധാനത്തിലെ  പഴുതുകൾ അടയ്ക്കണമന്നും തീരദേശമേഖലയിലെ സചേതനവും അചേതനവുമായ വിഭവങ്ങളുടെ സംരക്ഷണം മെച്ചപ്പെടുത്തണമെന്നും തീരദേശ ജനതയുടെ നിർമിതികളുടെയും സുരക്ഷ കാലാവസ്ഥ വ്യത്യിയാനങ്ങളുടെയും ഭൂമിശാസ്ത്രപരമായ സംഭവങ്ങളുടെയും വെളിച്ചത്തിൽ ഉറപ്പുവരുത്തണമെന്നും ദ്വീപുകളിൽ താമസിക്കുന്ന ജനങ്ങളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കണമെന്നുമായിരുന്നു  സമിതിയുടെ  ശുപാർശകൾ.

കേന്ദ്രഗവൺമെന്റിലെ വനം പരിസ്ഥിതി മന്ത്രാലയം പരിസ്ഥിതി (സംരക്ഷണം) നിയമം 1986 (1986 ന്റെ 29) ഛേദം (5) മൂന്നാം വിഭാഗത്തിന്റെ അനുഛേദം (2) പ്രകാരം ഉപവിഭാഗം (1) ആയിക്കൊണ്ട് എസ്. ഒ. 176 (ഇ) എന്ന നമ്പരായി 2008 ജൂലൈ 22ന് ഒരു കരടുവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. ഇതിന്റെ ഭവിഷ്യത്തുകൾക്ക് വിധേയരായി തീർന്നേക്കാവുന്ന പൊതുസമൂഹത്തിൽ നിന്ന് ആയതു സംബന്ധിച്ച് നിർദേശങ്ങളും പരാതികളും ക്ഷണിച്ചിട്ടുള്ളതാകുന്നു.

ഇതിൻപ്രകാരം കേന്ദ്രഗവൺമെന്റിലെ വനം പരിസ്ഥിതി മന്ത്രാലയത്തിന് കരടുവിജ്ഞാപനം സംബന്ധിച്ച് നിരവധിയായ അഭിപ്രായങ്ങളും പരാതികളും ലഭിച്ചിട്ടുള്ളതാകുന്നു. അവയെല്ലാം പ്രഫ. എം. എസ്. സ്വാമിനാഥൻ അധ്യക്ഷനായി രൂപീകരിച്ചിരിക്കുന്ന വിദഗ്ധ സമിതി പരിശോധിച്ചുള്ളതുമാകുന്നു.

പ്രഫ. എം. എസ്. സ്വാമിനാഥൻ അധ്യക്ഷനായി രൂപീകരിച്ച വിദഗ്ധസമിതി തീരദേശ പരിപാലന മേഖലാ കരടുവിജ്ഞാപനം 2008 സംബന്ധമായി ലഭിച്ച അഭിപ്രായ നിർദേശങ്ങൾ വിശദമായി പഠിക്കുകയും ബന്ധപ്പെട്ട തൽപ്പരവിഭാഗങ്ങളുമായി വിശദമായ കൂടിയാലോചനകൾ നടത്തുകയും ചെയ്തശേഷം തങ്ങളുടെ അവസാന റിപ്പോർട്ട് ‘അവസാനത്തെ അതിർ രേഖ’ എന്ന പേരിൽ 2009 ജൂലൈ 16–ന് സമർപ്പിച്ചിട്ടുള്ളതാകുന്നു. തീരദേശ പരിപാലന മേഖലാ കരടുവിജ്ഞാപനം 2008 കാലഹരണപ്പെടാൻ അനുവദിക്കണമെന്നും പകരം സി. ആർ. സെഡ്. വിജ്ഞാപനം 1991 ശക്തിപ്പെടുത്തണമെന്നുമായിരുന്നു ഈ റിപ്പോർട്ടിലെ ശുപാർശ. വനം പരിസ്ഥിതി മന്ത്രാലയം ഈ റിപ്പോർട്ട് അംഗീകരിക്കുകയും സി. എം. സെഡ് കരടു വിജ്ഞാപനം 2008 കാലഹരണപ്പെട്ടപ്പോൾ അനുവദിക്കുകയും ചെയ്യുകയുണ്ടായി.

ഇന്ത്യൻ തീരമേഖല ഇപ്പോൾ മുമ്പത്തേതിനെക്കാൾ ഇരട്ടി ഭീഷണിയിലാണു കഴിയുന്ന

തെന്നും വിദഗ്ധസമിതി നിരീക്ഷിക്കുകയുണ്ടായി. ഒരു ഭാഗത്ത് ഇന്നോളമില്ലാത്ത വ്യാവസായിക–നഗരവികസനത്തിന്റെ സമ്മർദ്ദമാണുള്ളത്. ചുഴലിക്കാറ്റിന്റെ വർധിച്ചു വരുന്ന രൂക്ഷതയും ഭീമൻ തിരമാലകളും ഇതിന്റെയെല്ലാം ഫലമായ കടൽ ജലനിരപ്പിന്റെ ഉയർച്ചയും തുടങ്ങി നിരവധി പ്രത്യാഘാതങ്ങൾ ഉണർത്തുന്ന കാലാവസ്ഥാപരമായ മാറ്റങ്ങളാണു മറുവശത്തുള്ളത്. തീരമേഖലയുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് അധികരിച്ച ശ്രദ്ധയും ജാഗ്രതയുമാണ് ഈ സാഹചര്യം നമ്മോടാവശ്യപ്പെടുന്നത്. തീരദേശമേഖലകളാണ് മത്സ്യബന്ധന ജനവിഭാഗങ്ങളുടെ താമസ മേഖലയും എന്നത് വ്യക്തമാണ്. ഈ ജനവിഭാഗങ്ങളും ഇരട്ടിഭീഷണിയിലാണിന്ന്. വിരോധാഭാസമെന്നു പറയട്ടെ ഒരു വശത്ത് സംരക്ഷണത്തിന്റെയും മറുവശത്ത് വികസനത്തിന്റെയും ഇരകളാണിവർ. തീരദേശ മേഖലാപരിപാലനത്തിനുള്ള ഭാവി പദ്ധതികൾ ഈ പ്രവണതകളുടെ ദിശ തിരിക്കുന്നതും ഭീഷണി നേരിടുന്ന പരിസ്ഥിതി വ്യവസ്ഥകളെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അതുപോലെ അവിടെ അധിവസിക്കുന്ന ജനപദങ്ങളുടെ വാസവ്യവസ്ഥയും ഉപജീവനവും സുരക്ഷിതമാക്കുന്നതിനും പുതിയ പുതിയ സമീപനങ്ങൾ കണ്ടെത്തുന്നതുമായിരിക്കണം. ഇവയ്ക്കു പുറമെ തീരദേശ മേഖലാ പരിപാലന സമീപനം ശക്തിപ്പെടുത്തുന്നതിന് നിരവധിയായ ശുപാർശകളും ഈ സമിതി മുന്നോട്ടു വയ്ക്കുകയുണ്ടായി.

മേൽപ്പറഞ്ഞ റിപ്പോർട്ടും അതിലെ ശുപാർശകളും വിശദമായി പരിഗണനാ വിധേയമാക്കിയ ശേഷം മത്സ്യബന്ധന സമൂഹങ്ങൾ, പ്രാദേശിക ജനവിഭാഗങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി 1009 ഓഗസ്റ്റ്–2010 മാർച്ച് കാലയളവിൽ കേന്ദ്രഗവൺമെന്റ് കൂടിയാലോചനകൾ നടത്തുകയുണ്ടായി. ഇത്തരം കൂടിയാലോചനകൾക്ക് അവസരമൊരുക്കിയത് സെന്റർ ഫോർ എൻവയൺമെന്റ് എഡ്യൂക്കേഷനാണ്. കൂടിയാലോചനാ പരിപാടിയുടെ റിപ്പോർട്ട് ഈ സംഘടന 2010 മാർച്ച് 25–ന് സമർപ്പിച്ചിട്ടുള്ളതുമാകുന്നു.

പ്രഫ. എം. എസ്. സ്വാമി നാഥന്റെ റിപ്പോർട്ടും സി. ഇ. ഇ. സമർപ്പിച്ച റിപ്പോർട്ടും പഠന വിധേയമാക്കിയശേഷം ജനസംഖ്യാപരമായ സമ്മർദം ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ തനിമ തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് തീരദേശമേഖലയിലെ ഏതാനും പ്രത്യേക പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം ആരാഞ്ഞുവരികയാണ്.

മേൽപ്പറഞ്ഞ കൂടിയാലോചനകളുടെ പരിണതിയും പ്രഫ. എം. എസ്. സ്വാമിനാഥൻ കമ്മിറ്റിയുടെ 2009 ജൂലൈ 16–ാം തീയതിയിലെ ശുപാർശകളും പരിഗണിച്ചതിനുശേഷം ചുവടെ പറയുന്ന നിർദേശം പരിസ്ഥിതി (സംരക്ഷണം) നിയമം 1986 (1986 ന്റെ 29) ഉപവിഭാഗം (1) ഛേദം (5) മൂന്നാം വിഭാഗത്തിന്റെ അനുച്ഛേദം (2) പ്രകാരം പുറത്തിറക്കുവാൻ കേന്ദ്രഗവൺമെന്റ് തീരുമാനമായിരിക്കുന്നു. പരിസ്ഥിതി (സംരക്ഷണം) നിയമങ്ങൾ 1986–ലെ കല്പന 5, ഉപകല്പന (3) പ്രകാരമായിരിക്കും ഇത്. ഇന്ത്യ ഗവൺമെന്റിൽ വനം പരിസ്ഥിതി മന്ത്രാലയം എസ്. ഒ 114 (ഇ) നമ്പരായി 1991 ഫെബ്രുവരി 19 ന് പുറത്തിറക്കിയ വിജ്ഞാപനത്തിനു പകരമായിരിക്കും ഇത്. രാജ്യത്തെ തീരദേശമേഖലകളുടെ നിലനിർത്തലും സംരക്ഷണവും സംബന്ധമായ കാര്യങ്ങളിൽ വച്ചായിരിക്കും 1991 ഫെബ്രുവരി 19–ലെ എസ്. ഒ 114 (ഇ) നമ്പരായ തീരദേശ പരിപാലന മേഖലാ വിജ്ഞാപനത്തിന് ഈ കരടുവിജ്ഞാപനം പകരമാകുന്നത്. ഇത്തരമൊരു പകരം വിജ്ഞാപനത്തിന് ആവശ്യമായ രീതിയിൽ ഇതുമൂലം ഗുണദോഷങ്ങൾക്കിരയാകുന്ന പൊതുസമൂഹത്തിന്റെ അറിവിലേക്കായി ആയതു പരസ്യപ്പെടുത്തേണ്ടതുള്ളതിനാൽ ഇതിനാൽ ഇപ്രകാരം അറിയിച്ചുകൊള്ളുന്നു. ഔദ്യോഗിക ഗസറ്റിൽ ഈ

*കരടുവിജ്ഞാപനം പ്രത്യക്ഷപ്പെടുന്ന തീയതി മുതൽ അറുപതു ദിവസം തികയുന്ന ദിവസവും അതിനുശേഷവും മുതൽ ഈ വിജ്ഞാപനമായിരിക്കും പരിഗണിക്കപ്പെടുന്നതെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.*

*ആയതിൽവച്ച് എന്തെങ്കിലുംനിർദേശമോ എതിരഭിപ്രായമോ സമർപ്പിക്കാനുള്ളവർ അവ സെക്രട്ടറി, വനപരിസ്ഥിതി മന്ത്രാലയം, പര്യാവരൺഭവൻ, സി.ജി. ഒ. കോംപ്ലക്സ്, ലോധി റോഡ്, ന്യൂഡൽഹി 110003 എന്ന വിലാസത്തിൽ മേൽപ്പറഞ്ഞ തീയതിക്കകം രേഖാ മൂലം അറിയിക്കേണ്ടത്. ഇ. മെയിൽ വിലാസം : secy@menf.nic.in.*

## *കരടു നിർദേശങ്ങൾ*

## *തീര നിയന്ത്രണ മേഖല (സി. ആർ. സെഡ്), 2010*

*പരിസ്ഥിതി (സംരക്ഷണം) നിയമം, 1986, (1986-ലെ 29) ഉപവിഭാഗം 1 വിഭാഗം ഒന്നിന്റെ ഉപവിഭാഗം (2) -ലെ അനുഛേദം (5) പ്രകാരം സിദ്ധിച്ചിരിക്കുന്ന അധികാരങ്ങൾ ഉപയോഗിച്ച് അന്തമാൻ, നിക്കോബാർ, ലക്ഷദ്വീപ് പ്രദേശങ്ങൾ ഒഴികെ രാജ്യത്തെ തീരമേഖല അപ്പാടെയും ഉപരിതല ജലപരിധിവരെയുള്ള ജലമേഖലയും അന്തമാൻ, നിക്കോബാർ, ലക്ഷദ്വീപ് പ്രദേശങ്ങളിൽ ഇവയെ ചുറ്റിയുള്ള ജലമേഖലയുടെ ഉപരിതല ജലമേഖല വരെയുള്ള പ്രദേശവും തീരനിയന്ത്രണ മേഖലയായി ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു. ഈ മേഖലകളിൽ വ്യവസായങ്ങൾ തുടങ്ങുന്നത്, നിലവിലുള്ളവ വികസിപ്പിക്കുന്നത്, ആപൽക്കരമായ വസ്തുക്കൾ (കൈകാര്യം ചെയ്യൽ, പരിപാലനം, അതിർത്തിയാനന്തര ഗതാഗതം) നിയമം 2009 പ്രകാരം നിർണയിക്കപ്പെട്ടിരിക്കുന്ന ആപൽക്കരമായ വസ്തുക്കളുമായി ബന്ധപ്പെട്ട, പ്രവർത്തനം, സംസ്കരണം, ഉൽപാദനം, കൈകാര്യം ചെയ്യൽ, സൂക്ഷിപ്പ്, പുറന്തള്ളൽ എന്നിവയും ഇതിനാൽ തടഞ്ഞിരിക്കുന്നു. പ്രാദേശിക ജനവിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷ ഉറപ്പാക്കുക, തീരമേഖലയുടെ നിലനിർത്തലും സംരക്ഷണവും നടപ്പാക്കുക, ഇവിടുത്തെ സമുദ്രമേഖലയുടെയും പരിസ്ഥിതിയുടെയും തനിമ സംരക്ഷിക്കുക, ആഗോളതാപനം നിമിത്തം കടൽ ജലനിരപ്പ് ഉയരുക, തുടങ്ങി തീരമേഖലയിൽ സംഭവ്യമായ പ്രകൃതി ദുരന്തങ്ങൾ കണക്കിലെടുത്തുകൊണ്ട് ശാസ്ത്രീയ തത്വങ്ങളുടെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന രീതിയിൽ തീരമേഖലയുടെ വികസനം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണിത്.*

പരിസ്ഥിതി (സംരക്ഷണം) നിയമം 1986 വകുപ്പ് (ഡി) നിയമം (5) ന്റെ ഉപനിയമം (3) എന്നിവ പ്രകാരം സിദ്ധിച്ചിരിക്കുന്ന അധികാരങ്ങളും അതിന്റെ പരിധിയിൽ വരുന്ന ഇതര അധികാരങ്ങളും ഉപയോഗിച്ചുകൊണ്ട്

2. ചുവടെ പറയുന്ന പ്രദേശങ്ങളെ സി. ആർ. സെഡ് കളായി കേന്ദ്രഗവൺമെന്റ് പ്രഖ്യാപിക്കുകയും നിർദിഷ്ട സി.ആർ.സെഡ് പ്രദേശങ്ങളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും നടത്തിക്കൊണ്ടു പോകുന്നതിനും ചുവടെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവായിരിക്കുന്നു.

(I) കടൽ മുഖത്തുനിന്ന് വേലിയറ്റ രേഖ മുതൽ കരയുടെ ദിശയിലേക്ക് അഞ്ഞൂറുമീറ്റർവരെയുള്ള ദൂരം.

(II) കടലുമായി ബന്ധപ്പെട്ടിരിക്കുന്നതും വേലിയേറ്റയിറക്കങ്ങളാൽ സ്വാധീനിക്കപ്പെടുന്നതുമായ ജലാ

ശയങ്ങളിൽ വേലിയേറ്റ രേഖ മുതൽ കരയുടെ ദിശയിലേക്ക് നൂറു മീറ്റർ വരെയുള്ള പ്രദേശത്ത് സി. ആർ.സെഡ് ബാധകമായിരിക്കും. കടലിലെ വേലിയേറ്റങ്ങളുടെ ഫലങ്ങളുടെ സ്വാധീനം ബാധകമായ ജലാശയങ്ങളെയാണ് വേലിയേറ്റയിറക്കങ്ങളാൽ സ്വാധീനിക്കപ്പെടുന്നവയുടെ ഗണത്തിൽ ഉൾപ്പെടുത്തുന്നത്.വേലിയേറ്റ സ്വാധീനത്തിൽപെടുന്ന അത്തരം ജലാശയങ്ങളിൽ എത്രദൂരത്തേക്ക് വികസന പ്രവർത്തനങ്ങൾക്കു നിരോധനം ഏർപ്പെടുത്തണമെന്നത് നിശ്ചയിക്കുന്നത് എത്ര ദൂരത്തേക്ക് വേലിയേറ്റ സ്വാധീനം പ്രകടമാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഒരു വർഷത്തെ ഏറ്റവും ഉണക്കേറിയ കാലത്ത് അഞ്ചു പി.പി.റ്റി (ആയിരത്തിൽ എത്ര ഘടകം) ലവണസാന്ദ്രത ഏതു പ്രദേശത്തുവരെ അനുഭവപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഇപ്രകാരം വേലിയേറ്റ സ്വാധീനത്തിൽ വരുന്ന പ്രദേശം കൃത്യമായി വേർതിരിക്കേണ്ടതും അതിനനുസൃതമായി തീരമേഖലാ പരിപാലന പദ്ധതി തയാറാക്കേണ്ടതുമാണ്.

(കടലുകൾ, തുറമുഖങ്ങൾ, അഴിമുഖങ്ങൾ, കടലിടുക്കുകൾ, കായലുകൾ, ജലാശയങ്ങൾ തുടങ്ങിയവയാണ് വേലിയേറ്റ സ്വാധീനത്തിലുള്ള ജലാശയങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്)

*(III) കരയുടെ ദിശയിൽ വേലിയേറ്റ രേഖയ്ക്കും ആപൽസാധ്യതാ രേഖയ്ക്കും മധ്യേവരുന്ന ഭൂഭാഗം. വേലിയേറ്റയിറക്കങ്ങൾ, തിരകൾ, കടൽജലനിരപ്പിന്റെ ഉയർച്ച, തീരരേഖയിലുണ്ടാകുന്ന മാറ്റം എന്നിവയുടെ അടിസ്ഥാനത്തിൽ സർവേ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ വനം, പരിസ്ഥിതി മന്ത്രാലയം തീരുമാനിക്കുന്ന രേഖയാണ് ആപൽ സാധ്യതാരേഖ.*

(IV) വേലിയേറ്റ രേഖയ്ക്കും വേലിയിറക്ക രേഖയ്ക്കും മധ്യേവരുന്ന സ്ഥലം *അന്തർവേലിയേറ്റ മേഖല എന്നു വിളിക്കപ്പെടുന്നു.*

(V) *കടലിന്റെ കാര്യത്തിൽ വേലിയിറക്ക രേഖ മുതൽ ഉപരിതല ജലപരിധി (12 നോട്ടിക്കൽ മൈൽ) വരെയുള്ള ജലഭാഗവും വേലിയേറ്റ സ്വാധീനത്തിൽ വരുന്ന ജലാശയങ്ങളിൽ വേലിയേറ്റ രേഖമുതൽ വേലിയിറക്ക രേഖവരെയുള്ള പ്രദേശവും.*

2.1. ഈ വിജ്ഞാപനത്തിന്റെ ആവശ്യങ്ങൾക്കായി വേലിയേറ്റ രേഖ എന്നത് സ്പ്രിംഗ് ടൈഡിന്റെ സമയത്ത് ജലനിരപ്പെത്തുന്ന ഏറ്റവും ഉയർന്ന രേഖ എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. വേലിയേറ്റ രേഖ രാജ്യത്തിന്റെ എല്ലാഭാഗത്തും ഒരേ തോതിൽ രേഖപ്പെടുത്തേണ്ടതാണ്. അനുബന്ധം ഒന്നിൽ പറയുന്ന പൊതുമാർഗ നിർദേശങ്ങൾക്കനുസരിച്ച് കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന രേഖപ്പെടുത്തൽ അതോറിറ്റി അല്ലെങ്കിൽ അതോറിറ്റികളാണ് ഇപ്രകാരം രേഖ നിശ്ചയിക്കേണ്ടത്.

3. സി. ആർ.സെഡിലെ നിരോധിത പ്രവർത്തനങ്ങൾ.

3.1 ചുവടെ പറയുന്ന കാര്യങ്ങൾ സി.ആർ.സെഡിലെ നിരോധിത പ്രവർത്തനങ്ങളായി നിശ്ചയിച്ചിരിക്കുന്നു.

(I) ചുവടെ പറയുന്നവ ഒഴികെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതും നിലവിലുള്ളവ വികസിപ്പിക്കുന്നതും.

(a) ജലമുഖമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നതും തീരമുഖ സൗകര്യങ്ങൾക്കു നേരിട്ട് ആവശ്യമായവയും.

(b) ആണവോർജ വകുപ്പിന്റെ പദ്ധതികൾ.

(c) വിവര സാങ്കേതിക വിദ്യയുടെ മേഖലയിലെ മലിനീകരണ സാധ്യതയില്ലാത്ത വ്യവസായങ്ങളും പ്രത്യേക സാമ്പത്തിക മേഖലയിൽ വരുന്ന സി.ആർ.സെഡ്-ലെ സേവന വ്യവസായങ്ങളും.

(d) തീരദേശ പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം സുരക്ഷാ നടപടികൾ ഉൾക്കൊള്ളിക്കുന്നതു സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തിയതിനുശേഷം മാത്രമേ നവിമുംബൈയിലെ ഗ്രീൻ ഫീൽഡ് എയർപോർട്ട് വികസനം ഏറ്റെടുക്കാവൂ. നവിമുംബൈ പ്രദേശത്തിന് അനുയോജ്യമായ വിധത്തിലായിരിക്കണം മേൽപ്പറഞ്ഞ പഠനം നടത്തേണ്ടത്.

(II) ചുവടെ പറയുന്നവ ഒഴികെ 1989 ജൂലൈ 28-ലെ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ എസ്. ഒ. 594 (ഇ) വിജ്ഞാപനം, 27.11.1989-ലെ എസ്. ഒ. നമ്പർ 996 (ഇ) വിജ്ഞാപനം, 1989 ഡിസംബർ 5-ലെ ജി. എസ്.ആർ 1037 (ഇ) വിജ്ഞാപനം എന്നിവയിൽ വ്യക്തമാക്കുന്ന ആപൽസാധ്യതയുള്ള വസ്തുക്കളുടെ നിർമാണം, കൈകാര്യം ചെയ്യൽ, സൂക്ഷിപ്പ്, പുറന്തള്ളൽ.

(a) കപ്പലുകളിൽ നിന്നു തുറമുഖങ്ങൾ, ടെർമിനലുകൾ, റിഫൈനറികൾ എന്നിവയിലേക്കും തിരികെയും ആപൽസാധ്യതയുള്ള വസ്തുക്കളുടെ കൈമാറ്റം.

(b) ഈ വിജ്ഞാപനത്തിന് തുടർച്ചയായി ചേർത്തിരിക്കുന്ന അനുബന്ധം II-ൽ വിശദമാക്കുന്ന വിധത്തിൽ പെട്രോളിയം ഉൽപ്പന്നം, ദ്രവീകൃത പ്രകൃതിവാതകം എന്നിവ കൈപ്പറ്റുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ സി.ആർ.സെഡ് I (i) എന്നു വേർതിരിക്കാത്ത മേഖലകളിൽ ദ്രവീകൃത പ്രകൃതിവാതകത്തിന്റെ പുനർവാതക നിർമാണത്തിനാവശ്യമായ സൗകര്യങ്ങൾ. പെട്രോളിയം പ്രകൃതിവാതക മന്ത്രാലയത്തിലെ ഓയിൽ ഇൻഡസ്ട്രി സേഫ്റ്റി ഡയറക്ടറേറ്റ് നിർദേശിച്ചിരിക്കുന്നല മാനദണ്ഡങ്ങൾ ഉൾപ്പെടെയുള്ള സുരക്ഷാ നിബന്ധനകൾ, വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന മാർഗനിർദേശങ്ങൾ, വനം പരിസ്ഥിതി മന്ത്രാലയത്തിലൂടെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആഘാതലഘൂകരണത്തിനും പുനരേർപ്പെടുത്തലിനുമായി പ്രഖ്യാപിച്ചേക്കാവുന്ന നിബന്ധനകൾ എന്നിവയ്ക്കു വിധേയമായി മാത്രമായിരിക്കണം ഇത്തരം പ്രവർത്തനങ്ങൾ.

അമോണിയ, ഫോസ്ഫോറിക് ആസിഡ്, സൾഫർ, സൾഫ്യൂരിക് ആസിഡ്, നൈട്രിക് ആസിഡ് എന്നിവയുടെ നിർമാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ, വളങ്ങൾ എന്നിവയുടെ കൈപ്പറ്റലിനും സൂക്ഷിപ്പിനുമായി വേണ്ട സൗകര്യങ്ങളൊരുക്കാൻ ആവശ്യമെങ്കിൽ ആയതിനായി സി. ആർ,സെഡ്- I (i) എന്നുതരം തിരിച്ചിരിക്കുന്ന പ്രദേശത്തൊഴികെ അനുമതി നൽകുന്നതാണ്.

(III) വെയർഹൗസുകൾ ഉൾപ്പെടെ മത്സ്യസംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് (ഹാച്ചറികളും) അനുവദനീയ മേഖലകളിൽ സ്വാഭാവിക മത്സ്യം ഉണക്കലും ഒഴികെ. നിലവിലുള്ള മത്സ്യസംസ്കരണ യൂണിറ്റുകൾ ആധുനീകരണ പദ്ധതികളിൽ അധികമായി നിർമിക്കുന്ന പ്ലിന്ത് ഏരിയയുടെ 25% അധിക യന്ത്രഭാഗങ്ങൾക്കും മലിനീകരണ നിയന്ത്രണ നടപടികൾക്കുമായി വിനിയോഗിക്കേണ്ടതാണ്. നിലവിലുള്ള തറവിസ്തൃതി സൂചകത്തിനനുസൃതമായിരിക്കണം നിർമാണം. അധികമായി നിർമിക്കുന്ന പ്ലിന്ത് ഏരിയ കടലിന്റെ ദിശയിലേക്കായിരിക്കരുത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ മലിനീകരണ നിയന്ത്രണ കമ്മിറ്റിയുടെയോ അനുമതിക്കു വിധേയമായിരിക്കും നിർമാണം.

(IV) ചുവടെ പറയുന്ന സൗകര്യങ്ങൾക്കൊഴികെ പാഴ്‌വസ്തുക്കൾ അല്ലെങ്കിൽ മാലിന്യങ്ങൾ പുറന്ത

ള്ളുന്നതിന് ആവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനും.

(a) ജല (മലിനീകരണം തടയലും നിയന്ത്രണവും) നിയമം 1974 (1974-ന്റെ b) പ്രകാരമുള്ള അനുമതി സഹിതം സംസ്കരിച്ച മാലിന്യങ്ങൾ ജലപാതയിലേക്കു നിക്ഷേപിക്കുന്നത്.

(b) ചുഴലി ജല നിർഗമന പാതകൾ

(c) സി. ആർ. സെഡ് -I ഒഴികെയുള്ള സി.ആർ.സെഡ് മേഖലകളിൽ സ്ഥിതി ചെയ്യുന്ന ഹോട്ടലുകൾ, ബീച്ച് റിസോർട്ടുകൾ എന്നിവയിൽ നിന്നുള്ള പാഴ്വസ്തുക്കളുടെയും മാലിന്യങ്ങളുടെയും സംസ്കരണത്തിനും സംസ്കരിച്ച മാലിന്യങ്ങളുടെ പുറന്തള്ളലിനും.

(V) വ്യവസായങ്ങൾ, നഗരങ്ങൾ, മഹാനഗരങ്ങൾ, മനുഷ്യവാസമേഖലകൾ, എന്നിവിടങ്ങളിൽ നിന്നുള്ള സംസ്കരിക്കാത്ത മാലിന്യം പുറന്തള്ളുന്നത്. അത്തരം നടപടികൾ നിലവിൽ എവിടെയെങ്കിലുമുണ്ടെങ്കിൽ *ഈ വിജ്ഞാപന തീയതി മുതൽ രണ്ടുവർഷത്തിനുള്ളിൽ* അവ അവസാനിപ്പിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

(VI) ഭൂമി നികത്തുന്നതിനോ മറ്റെന്തെങ്കിലും കാര്യത്തിനോ നഗര, മഹാനഗര മാലിന്യങ്ങൾ, *വ്യാവസായിക ഖര മാലിന്യങ്ങൾ, ചാരം* എന്നിവ നിക്ഷേപിക്കുന്നുണ്ടെങ്കിൽ അത്തരം പ്രവർത്തനങ്ങൾ ഈ വിജ്ഞാപനതീയതി മുതൽ *ഒരുവർഷത്തിനുള്ളിൽ അവസാനിപ്പിക്കേണ്ടതാണ്.*

*മേൽപ്പറഞ്ഞ 3 (v), 3 (vi) എന്നീ ഘടകങ്ങളുടെ കാര്യത്തിൽ സംസ്ഥാന, കേന്ദ്രഭരണ ഗവൺമെന്റുകൾ കർമപദ്ധതി തയാറാക്കേണ്ടതും സമയബന്ധിതമായ രീതിയിൽ തീരമേഖലയുടെയും ജലമേഖലയുടെയും മലിനീകരണം അവസാനിപ്പിക്കുന്നതിനാവശ്യമായ ബജറ്റ് വിഹിതം നീക്കി വയ്ക്കേണ്ടതുമാണ്. ഈ വിജ്ഞാപന തീയതി മുതൽ ആറുമാസത്തിനുള്ളിൽ ഇതിനായി പദ്ധതി തയാറാക്കി വനം-പരിസ്ഥിതി മന്ത്രാലയത്തിൽ അനുമതിക്കായി സമർപ്പിക്കേണ്ടതാണ്. അതിനുശേഷം അത്തരം പദ്ധതികൾ സമയബന്ധിതമായ രീതിയിൽ സംസ്ഥാന/കേന്ദ്രഭരണ ഗവൺമെന്റുകൾ നടപ്പാക്കുന്നതാണ്. ഈ പദ്ധതികളുടെ നടപ്പാക്കലിനു കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമോ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡോ മേൽനോട്ടം വഹിക്കുന്നതാണ്.*

(VIII) താപവൈദ്യുത നിലയങ്ങളിൽ *നിന്നോ വ്യവസായ യൂണിറ്റുകളിൽ നിന്നോ* ഉള്ള ചാരത്തിന്റെ പുറന്തള്ളൽ.

(IX) ചുവടെ പറയുന്ന ആവശ്യങ്ങൾക്കൊഴികെ ഭൂമി നികത്തൽ, ചിറ നിർമാണം, സമുദ്ര ജലത്തിന്റെ സ്വാഭാവിക ചലനത്തെ തടസ്സപ്പെടുത്തൽ.

(a) പുതിയ തുറമുഖങ്ങൾ, ഹാർബറുകൾ, ജെട്ടികൾ, വാർഫുകൾ, പാലങ്ങൾ, സ്ലിപ്‌വേകൾ, ഡീലിങ്കുകൾ, താങ്ങുകാലുകളിലുള്ള പാലങ്ങൾ എന്നിവയുടെ നിർമാണം, നിലവിലുള്ളവയുടെ വികസനം അല്ലെങ്കിൽ വിജ്ഞാപന പ്രകാരം അനുവദനീയമായ അടിസ്ഥാന പ്രവർത്തനങ്ങളുടെ സൗകര്യത്തിന് ആവശ്യമായവ.

(b) *ഇ.ഐ.എ. ഉൾപ്പെടെ ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ* മണ്ണൊലിപ്പു നിയന്ത്രണ സംവിധാനങ്ങൾക്ക്.

(c) ഇ.ഐ.എ. ഉൾപ്പെടെ ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വാട്ടർ രേഖകൾ, കനാലുകൾ, തുറമുഖങ്ങൾ എന്നിവയുടെ കേടുപോക്കലും തടസം നീക്കലും.

(d) മണൽത്തിട്ടകൾ രൂപപ്പെടുന്നതു തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, വേലിയേറ്റ റെഗുലേറ്ററുകളുടെ സ്ഥാപനം, ചുഴലി ജല നിർഗമന സംവിധാനം, ഓരുവെള്ളം കയറ്റം തടയുന്നതിനുള്ള സംവിധാനം തുടങ്ങിയവയുടെ നിർമാണം. *പ്രശസ്ത ഏജൻസികളുടെ ഇ.ഐ.എ വിശകലനം, ശാസ്ത്രീയമായ പഠനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാകണം ഇത്.*

*തീരരേഖയ്ക്കു ശോഷണം സംഭവിച്ചു കൊണ്ടിരിക്കുന്ന തീരപ്രദേശങ്ങൾ ഏതൊക്കെയെന്നു കണ്ടെത്താൻ ഏതെങ്കിലും പ്രശസ്ത ശാസ്ത്രീയ സ്ഥാപനത്തിന്റെ സഹായത്തോടെ വനം-പരിസ്ഥിതി മന്ത്രാലയം പഠനം നടത്തുന്നതാണ്. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ കനത്ത മണ്ണൊലിപ്പു മേഖലകൾ, ഇടത്തരം മണ്ണൊലിപ്പു മേഖലകൾ, താഴ്ന്ന മണ്ണൊലിപ്പു മേഖലകൾ എന്നിങ്ങനെ തീരപ്രദേശത്തെയാകെ തരം തിരിക്കുന്നതാണ്. ഇത്തരം തീരരേഖാ മാറ്റങ്ങളുടെ കാരണമെന്തെന്നതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റുകൾ, ഗവൺമെന്റ്, ഡിപ്പാർട്ടുമെന്റുകൾ, ശാസ്ത്രീയ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ വനം പരിസ്ഥിതി മന്ത്രാലയം പഠനം നടത്തുന്നതാണ്. ഈ വിജ്ഞാപനത്തിന്റെ തീയതി മുതൽ രണ്ടുവർഷത്തിനുള്ളിൽ തീരദേശശോഷണം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതുവരെ അധിക ശോഷണം നേരിടുന്ന പ്രദേശങ്ങളിലൊന്നുംപുതിയ തുറമുഖ പദ്ധതികൾക്ക് അനുമതി നൽകുന്നതല്ല. തീരരേഖയിലുണ്ടാകുന്ന മാറ്റം വ്യക്തമാക്കുന്ന തരംതിരിവ് തീരമേഖലാ പരിപാലന പദ്ധതികളിൽ പ്രദർശിപ്പിക്കുന്നതാണ്.*

(X) ഷോപ്പിംഗ്/ഹൗസിംഗ് കോംപ്ലക്സുകൾ, ഹോട്ടലുകൾ, ഇതര വിനോദോപാധികൾ തുടങ്ങിയ വാണിജ്യാവശ്യങ്ങൾക്കായുള്ള നികത്തൽ.

(XI) ചുവടെ പറയുന്ന കാര്യങ്ങൾക്കൊഴികെ മണൽവാരൽ, പാറ ശേഖരണം തുടങ്ങിയവ.

(a) സി.ആർ. സെഡ് മേഖലകൾക്കു പുറത്ത് ലഭ്യമല്ലാത്ത ധാതുമൂലകങ്ങൾക്കായി

(b) എണ്ണ, പ്രകൃതിവാതക പര്യവേഷണവും ചൂഷണം ചെയ്യലും

(XII) ഭൂഗർഭ ജല ചൂഷണവും *പ്രാദേശിക ജനവിഭാഗങ്ങൾ അധിവസിക്കുന്ന മേഖലകളിലൊഴികെ* ഭൂഗർഭജലം ചൂഷണത്തിനായി വേലിയേറ്റ രേഖയുടെ 200 മീറ്ററിനുള്ളിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതും, കുടിവെള്ളത്തിനും വിവിധ വിളകൾക്കു നനയ്ക്കുന്നതിനും മീൻ വളർത്തുന്നതിനും 200 -500 മീറ്ററിനുള്ളിൽ യന്ത്രവൽകൃതമല്ലാത്ത കാര്യങ്ങളേർപ്പെടുത്തുന്നതിന് അനുമതി നൽകുന്നതായിരിക്കും.

കുടിവെള്ളത്തിനായി മറ്റു യാതൊരു സ്രോതസുമില്ലെങ്കിലും വെള്ളം കോരുന്നത് കായിക പ്രവർത്തനം കൊണ്ടു മാത്രമാണെങ്കിലും ആയതിന് അനുമതി നൽകുന്നതാണ്. ഇപ്രകാരം അനുമതി നൽകുന്നത് കടലുകൾ, അഴിമുഖങ്ങൾ തുടങ്ങിയവയ്ക്ക് വേലിയേറ്റ രേഖയ്ക്ക് 500-200 മീറ്ററിനുള്ളിൽ അല്ലെങ്കിൽ സി.ആർ.സെഡ്-ന് 200 മീറ്ററിനുള്ളിൽ ഏതാണോ കുറവ് അതിനായിരിക്കും. കരയിലേക്ക് കടൽ അതിക്രമിച്ചു കയറിക്കൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ സംസ്ഥാന/കേന്ദ്രഭരണ ഗവൺമെന്റ് നിശ്ചയിക്കുന്ന അതോറിറ്റിയായിരിക്കും ഇവയ്ക്ക് അനുമതി നൽകുക.

(XIII) ഈ വിജ്ഞാപനത്തിന്റെ എട്ടാം ഖണ്ഡികയിൽ പറയുന്നതൊഴികെ സി.ആർ.സെഡ്-ൽ നിർമാണ പ്രവർത്തനങ്ങൾ

XIV സംസ്കരിച്ച മാലിന്യം, പാഴ്ജലം എന്നിവ കടലിലേക്കു തള്ളുന്നതിനുള്ള സൗകര്യങ്ങളൊ

ഴികെ വേലിയേറ്റ രേഖയ്ക്കും വേലിയിറക്ക രേഖയ്ക്കും മധ്യേ ഏതുതരത്തിലുള്ള നിർമാണവും ശീതീകരണ പ്രവർത്തനത്തിനായി കടൽവെള്ളം കൊണ്ടു പോകുന്ന പൈപ്പുകൾ, ദായിൽ, ഗ്യാസ് പൈപ്പു ലൈനുകൾ തുടങ്ങി ഈ വിജ്ഞാപനത്തിൽ അനുവദിച്ചിരിക്കുന്ന നിർമാണ പ്രവർത്തനങ്ങൾ.

XV ഈ വിജ്ഞാപനത്തിൽ അനുവദിക്കുന്ന തൊഴികെയുള്ള കാര്യങ്ങൾക്കായി മണൽതിട്ടകൾ, കുന്നുകൾ, പ്രകൃത്യായുള്ള ഘടനകൾ എന്നിവയിൽ മാറ്റം വരുത്തുന്നത്.

4. *സി.ആർ.സെഡ്. മേഖലയിലെ അനുവദനീയമായ കാര്യങ്ങളിലെ നിയന്ത്രണങ്ങൾ.*

4.1 *ചുവടെ പറയുന്നവയാണ് അനുവദനീയമായ കാര്യങ്ങളിലെ നിയന്ത്രണങ്ങൾ.* മേൽപ്പറഞ്ഞവയിൽ മൂന്നാം ഖണ്ഡികയിൽ പറയുന്നവയൊഴികെയുള്ള എല്ലാ പ്രവർത്തനങ്ങളും ചുവടെ പറയുന്ന രീതിയിൽ നിയന്ത്രിക്കുന്നതാണ്.

(I) ജലമുഖം അല്ലെങ്കിൽ തീരമേഖല അത്യാവശ്യമായിവരുന്ന പദ്ധതികൾക്കു മാത്രമേ സി.ആർ.സെഡിൽ അനുമതി നൽകൂ. *എന്നിരിക്കിലും ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതും പാരിസ്ഥിതിക പ്രത്യാഘാത പഠന (ഇ.ഐ.എ.) വിജ്ഞാപനം 2006 ബാധകമായതുമായ പദ്ധതികൾക്ക് ഇ.ഐ.എ. വിജ്ഞാപനപ്രകാരമുള്ള അനുമതി മാത്രം മതിയാകുന്നതാണ്. ഇത്തരം പദ്ധതികൾ അതതു സംസ്ഥാനത്തെ/കേന്ദ്രഭരണ പ്രദേശത്തെ തീരമേഖലാ പരിപാലന അതോറിറ്റി ശുപാർശ ചെയ്തിരിക്കേണ്ടതാണ്.*

(II) ചുവടെ പറയുന്ന പ്രവർത്തനങ്ങൾക്ക് കേന്ദ്രഗവൺമെന്റിൽ വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി കൂടിയേ തീരൂ.

(a) ആണവോർജ ഡിപ്പാർട്ട്മെന്റിന്റെ നിർമാണ പ്രവർത്തനങ്ങൾ, പ്രതിരോധ വകുപ്പിന്റെ ക്ലാസിഫൈഡ് ഓപ്പറേഷണൽ കംപോണന്റ് ഒഴികെ കടൽമുഖം ആവശ്യമായി വരുന്ന സ്ലിപ്പ്‌വേകൾ, ജട്ടികൾ, വാർഫുകൾ എന്നിവയുമായി ബന്ധപ്പെട്ട നിർമാണ പ്രവർത്തനം. *മന്ത്രാലയം തയാറാക്കുന്ന പ്രത്യേക പദ്ധതി പ്രകാരമായിരിക്കും ഇത്തരം കാര്യങ്ങൾ പരിഗണിക്കുക.* വളരെ സവിശേഷമായ സാഹചര്യങ്ങളിലൊഴികെ ഒരിക്കലും താമസഗൃഹങ്ങൾ, ഓഫീസ് മന്ദിരങ്ങൾ, ആശുപത്രി കോംപ്ലക്സുകൾ, വർക്ക്ഷോപ്പുകൾ എന്നിവ പ്രവർത്തനപരമായ ആവശ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്തതിനാൽ സാധാരണയായി സി.ആർ.സെഡിൽ അനുമതി നൽകില്ല.

(b) അനുമതി ലഭിച്ചാൽ അഞ്ചുവർഷത്തിനുള്ളിൽ നിർമാണം അല്ലെങ്കിൽ സ്ഥാപനം പ്രവർത്തനം ആരംഭിക്കണം.

(c) തുറമുഖങ്ങൾ, കപ്പൽ സങ്കേതങ്ങൾ, ജട്ടികൾ, വാർഫുകൾ, സ്ലിപ്പ്‌വേകൾ തുടങ്ങിയവയുടെ നിർമാണവും നടത്തിപ്പും.

(d) പൊതുവേ വെള്ളത്തിന്റെ കുത്തൊഴുക്കും മണ്ണൊലിപ്പും തടയുന്ന ബ്രേക്ക് വാട്ടറുകൾ തുടങ്ങിയവയുടെ നിർമാണവും നടത്തിപ്പും.

(e) ലൈറ്റ് ഹൗസുകളുടെ നിർമാണവും നടത്തിപ്പും.

(f) പൈപ്പ് ലൈനുകൾ, കേബിളുകൾ, സംവഹന സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തൽ.

(g) ഏതു വിധത്തിലായാലും എണ്ണയും പ്രകൃതിവാതകവും പര്യവേഷണവും ചൂഷണം ചെയ്യലും.

(III) അസംസ്കൃത വസ്തുക്കളുടെ ഗതാഗതം, ശീതീകരണത്തിനുള്ള വെള്ളത്തിന്റെ ശേഖരണം, സംസ്കരിച്ച പാഴ് വസ്തുക്കളുടെയും താപനിലയങ്ങളിൽ ശീതീകരണത്തിനുപയോഗിച്ച വെള്ള ത്തിന്റെയും പുറന്തള്ളൽ തുടങ്ങി കടൽമുഖം ആവശ്യമായി വരുന്ന പ്രവർത്തനങ്ങൾ.

(IV) ഈ വിജ്ഞാപനത്തിന്റെ എട്ടാം ഖണ്ഡികയിൽ വിവരിക്കുന്നതുപ്രകാരം തീരനിയന്ത്രണ മേഖ ലയിലെ ഭവന നിർമാണ പദ്ധതികൾ.

(V) ധാതു മൂലകങ്ങളുടെ ഖനനം.

(VI) വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒറ്റത്തവണ അനുമതി ആവശ്യമായ സി.ആർ.സെഡിലെ പ്രത്യേക പ്രവർത്തനങ്ങൾ, സൗകര്യങ്ങൾ, സി.ആർ.സെഡിന്റെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതി കളായിരിക്കണം ഇവയെല്ലാം.

(VII) പാരമ്പര്യേതര ഊർജ സ്രോതസുകൾ ഉപയോഗിച്ച് വൈദ്യുതി നിർമാണത്തിനുള്ള പദ്ധതി കൾ, നിർലവണീകരണ പദ്ധതികൾ, കാലാവസ്ഥാ റഡാറുകളുടെ സ്ഥാപനം.

(VIII) പുരാവസ്തുപരവും ചരിത്ര പരവുമായ പ്രാധാന്യമുള്ള കെട്ടിടങ്ങൾ, പൈതൃക മന്ദിരങ്ങൾ, പൊതു ഉപയോഗ മന്ദിരങ്ങൾ എന്നിവയുടെ പൊളിച്ചു നീക്കലും പുൻ നിർമാണവും. ആരാധന, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയ്ക്കുപയോഗിക്കുന്ന മന്ദിരങ്ങളെയാണ് പൊതുഉപയോഗ മന്ദിരങ്ങളെന്നു വിളിച്ചത്.

(IX) *20000 ചതുരശ്രമീറ്ററിലധികം വിസ്തീർണമുള്ള നിർമാണ പ്രവർത്തനങ്ങൾ ടൗൺഷിപ്പ് പദ്ധ തികൾ എന്നിവ ഇ.ഐ.എ. വിജ്ഞാപനം 2006 പ്രകാരമുള്ള അനുമതി നേടേണ്ടതാണ്. 20000 ചതു രശ്രമീറ്ററിൽ താഴെ വിസ്തീർണം വരുന്ന പദ്ധതികൾ ഈ വിജ്ഞാപന പ്രകാരം അതത് പ്ലാനിംഗ് അധികൃതരിൽ നിന്ന് അനുമതി കൈവരിച്ചാൽ തന്നെയും ബന്ധപ്പെട്ട തീര മേഖലാ പരിപാലന അതോറിറ്റിയുടെ അനുമതിയും വാങ്ങേണ്ടതാണ്.*

4.2 അനുവദനീയമായ നിർമാണ പ്രവർത്തനങ്ങളുടെ അനുമതിക്കുള്ള നടപടിക്രമങ്ങൾ:-

ഈ വിജ്ഞാപനത്തിനനുസൃതമായ എല്ലാ പദ്ധതികളും താഴെപറയുന്ന നടപടി ക്രമ പ്രകാരം അനുവദിക്കുന്നതാണ്:-

*(i) പദ്ധതിയുടെ അധികൃതർ സി.ആർ.സെഡ്. വിജ്ഞാപനപ്രകാരമുള്ള മുൻകൂർ അനുമതിയ്ക്കായി ബന്ധപ്പെട്ട സി.സെഡ്.എം.എ. യ്ക്ക് താഴെപറയുന്നവ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കേണ്ടതാ ണ്.*

*(a) ഫോറം - 1 (വിജ്ഞാപനം, അനുബന്ധം -4)*

*(b) സമുദ്ര - കര പരിസ്ഥിതിയാഘാത നിർണയം ഉൾപ്പെടുത്തിയ റാപിഡ് ഈ.ഐ.എ. റിപ്പോർട്ട്.*

*(c) ദുരന്താനന്തര റിപ്പോർട്ടും അപായ നിവാരണ നടപടി റിപ്പോർട്ടും.*

*(d) വേലിയേറ്റ രേഖ, വേലിയിറക്ക രേഖ എന്നിവ സൂചിപ്പിക്കുന്ന സി.ആർ.സെഡ്. മാപ്പ്, ഒരു അംഗീകൃത ഏജൻസി (1:4000 തോതിൽ) യുടെ നിർണയ പ്രകാരമുള്ളത്.*

(e) മുകളിൽ, അതായത് (d) യിൽ സൂചിപ്പിക്കുന്ന മാപ്പിന്മേൽ രേഖപ്പെടുത്തിയ പദ്ധതി ലേ-ഔട്ട്.

(f) പദ്ധതി പ്രദേശത്തിന്റെ ഏഴുകിലോമീറ്റർ വ്യാസാർദ്ധം ഉൾപ്പെടുത്തിയുള്ളതായിരിക്കണം. സി.ആർ.സെഡ് മാപ്പ്. സി.ആർസെഡ് - I, II, III, IV ജല പ്രദേശങ്ങൾ പ്രസ്തുത മാപ്പിൽ സൂചിപ്പിക്കണം.

(g) ദ്രാവക മാലിന്യങ്ങൾ, ഖരമാലിന്യങ്ങൾ, അഴുക്കു ചാൽവെള്ളം എന്നിവ പുറംതള്ളുന്നതിനെ എതിർത്ത് മലിനീകരണ നിയന്ത്രണ ബോർഡുകളുടെയോ കമ്മറ്റികളുടെയോ നിരോധന സർട്ടിഫിക്കേറ്റുകൾ പാടില്ല.

(ii) അംഗീകൃത സി.സെഡ്.എം.പി., സി.ആർ.സെഡ് വിജ്ഞാപനം എന്നിവയനുസരിച്ചുള്ള മേൽപ്പറഞ്ഞ രേഖകൾ ബന്ധപ്പെട്ട സി.സെഡ്.എം.എ. പരിശോധിക്കുകയും രേഖകൾ കൈപ്പറ്റിയ തീയതിയ്ക്ക് 45 ദിവസങ്ങൾക്കകം താഴെപറയുന്നവയുടെ പേർക്ക് ശുപാർശകൾ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

(a) ഇ.ഐ.എ. വിജ്ഞാപനം, 2006 പ്രകാരം വരുന്ന പദ്ധതികൾക്ക് എസ്.ഇ.എ.സി. അല്ലെങ്കിൽ ഇ.എ.സി.

(b) സി.ആർ.സെഡ്. വിജ്ഞാപനപ്രകാരമുള്ള പദ്ധതികൾക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അല്ലെങ്കിൽ സംസ്ഥാന സർക്കാർ.

(iii) അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ബന്ധപ്പെട്ട സി.സെഡ്.എം.എ. യുടെ ശുപാർശകൾ അടിസ്ഥാനമാക്കി 60 ദിവസങ്ങൾക്കകം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അല്ലെങ്കിൽ അതതു സംസ്ഥാന സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണ്.

(iv) പദ്ധതിയുടെ സാധുത -

സി.ആർ.സെഡ്. വിജ്ഞാപനമനുസരിച്ച് പദ്ധതിക്കു ലഭിക്കുന്ന അനുമതി, ഉത്തരവു നൽകിയ തീയതി മുതൽ 5 വർഷത്തേയ്ക്ക് സാധുതയുള്ളതായിരിക്കും.

(v) അനുമതിയനന്തര മേൽനോട്ടം:-

(a) മുൻകൂർ പാരിസ്ഥിതികാനുമതിയിൽ വ്യവസ്ഥ ചെയ്യുന്ന നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുവോയെന്ന അർദ്ധവാർഷിക റിപ്പോർട്ടുകൾ ബന്ധപ്പെട്ട നിയന്ത്രണാധികരികൾക്ക് പദ്ധതി നടത്തിപ്പുകാർ കർശനമായും സമർപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ടുകൾ ഓരോ വർഷവും ജൂൺ ഒന്ന്, ഡിസംബർ ഒന്ന് തീയതികളിൽ കടലാസ് രേഖയായും കമ്പ്യൂട്ടർ അധിഷ്ഠിത പകർപ്പായും സമർപ്പിക്കണം.

(b) ഈ റിപ്പോർട്ടുകൾ പൊതുരേഖകളായിരിക്കും. ബന്ധപ്പെട്ട നിയന്ത്രണ അധികൃതർ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്ന ആർക്കും ഈ രേഖകളുടെ പകർപ്പോ വിവരങ്ങളോ നൽകേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടുകൾ അധികൃതരുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(vi) അനുമതി നടപടികളുടെ സുതാര്യത

സി.സെഡ്.എം.എ. യുടെ പ്രവർത്തനങ്ങളുടെ സുതാര്യത നിലനിർത്തുന്നതിനായി പദ്ധതി

ക്കുവേണ്ടി ഒരു വെബ്സൈറ്റ് തയ്യാറാക്കേണ്ട ചുമതല സി.സെഡ്.എം.എ. യ്ക്കുണ്ട്. ഈ വെബ്സൈറ്റിൽ കാര്യക്രമങ്ങൾ, യോഗനടപടികൾ, തീരുമാനങ്ങൾ, അനുമതി രേഖകൾ, നിയമലംഘനങ്ങൾ, അവയിന്മേലുള്ള നിയമനടപടികൾ, കോടതി വ്യവഹാരങ്ങൾ, സി.സെഡ്.എം.പി. തുടങ്ങിയവ ഉൾപ്പെടുത്തണം.

5. തീരമേഖലാ പരിപാലന പദ്ധതികൾ (സി.സെഡ്.എം.പി.എസ്)

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റെയ്നബിൾ കോസ്റ്റൽ സോൺ മാനേജ്മെന്റ് (NISCZM) ഉൾപ്പെടെയുള്ള അംഗീകൃത ദേശീയ ശാസ്ത്രസ്ഥാപനങ്ങൾ വഴി സി.സെഡ്.എം. പദ്ധതികൾ അതതു പ്രദേശത്തെ സംസ്ഥാനങ്ങളുടെയോ കേന്ദ്രഭരണപ്രദേശങ്ങളുടെയോ സർക്കാരിന്റെയും മറ്റ് മൂലധന നിക്ഷേപകരുടെയും ഉപദേശപ്രകാരം രൂപകല്പന ചെയ്യുന്നതിനുള്ള ചുമതല കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനുണ്ടായിരിക്കും. സി.സെഡ്.എം. പദ്ധതികൾ രൂപകല്പന ചെയ്യുന്നതിനുവേണ്ട സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ കേന്ദ്ര വനം - പരിസ്ഥിത മന്ത്രാലയം നൽകുന്നതാണ്.

5 I (i) അപായമേഖല രേഖപ്പെടുത്തൽ:-

രാജ്യത്തെ തീരപ്രദേശങ്ങളിലുടനീളം കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം, സർവേ ഓഫ് ഇന്ത്യ വഴി അപായ രേഖ അടയാളപ്പെടുത്തും. വേലിയേറ്റം, തിരമാല, കടൽനിരപ്പുയരൽ, തീരരേഖാ വ്യതിയാനങ്ങൾ എന്നിവ കണക്കിലെടുത്താവും അപായരേഖ അടയാളപ്പെടുത്തുക. വേലിയേറ്റം, തിരമാല, കടൽനിരപ്പുയരൽ എന്നിവ മൂലം അടുത്ത അമ്പതോ നൂറോ വർഷങ്ങളിൽ സാധ്യതയുള്ള വെള്ളപ്പൊക്കം തിട്ടപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ വേലിയേറ്റ രേഖ (എച്ച്.റ്റി.എൽ.) യിൽ നിന്ന് ഏഴുകിലോമീറ്റർ വരെ പരിധിയിൽ 0.5 മീറ്റർ ഇടവിട്ട് കോണ്ടൂർ ഭൂപടം തയ്യാറാക്കും. തീരരേഖാ വ്യതിയാനങ്ങളെയും ചരിത്രരേഖകൾ അടിസ്ഥാനമാക്കി നിർണയിക്കുന്നതാണ്. ഇതിനായി മുൻകാലങ്ങളിലെ ഉപഗ്രഹചിത്രങ്ങളും ഏറ്റവുമൊടുവിൽ ലഭ്യമായ ചിത്രങ്ങളും താരതമ്യപ്പെടുത്തി നിഗമനങ്ങൾ തയ്യാറാക്കും.

സ്ഥൂലമാനത്തിലുള്ള ഭൂവിനിയോഗാസൂത്രണത്തിന് 1:25000 തോതിലുള്ള അളവും പ്രാദേശിക തലത്തിലുള്ള മാപ്പിങ്ങിന് 1:10000 തോതിലുള്ള അളവുമാണ് ആപത് സാധ്യതാ രേഖയുടെ നിർണയത്തിന് ഉപയോഗിക്കുന്നത്.

(ii) ഈ വിജ്ഞാപനം പരസ്യപ്പെടുത്തി ഒരു വർഷത്തിനകം തീരപ്രദേശങ്ങളുള്ള സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും അവയുടെ പരിധിയിലുൾപ്പെട്ട സി.ആർ.സെഡ്. പ്രദേശങ്ങളെ കണ്ടെത്തിയും തരംതിരിച്ചും സി.സെഡ്.എം. പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ അനുബന്ധം - 1 ൽ നൽകിയിട്ടുള്ള നിർദേശങ്ങൾ പ്രകാരമാണ് അവ തയ്യാറാക്കേണ്ടത്. സി.സെഡ്.എം. പദ്ധതികളുടെ കരടുരൂപം, ബന്ധപ്പെട്ട സി.സെഡ്.എം.എ. യ്ക്കു സമർപ്പിക്കുകയും അവർ അതിനുവേണ്ട പ്രചാരണം നൽകി. മൂലധനനിക്ഷേപകരുടെ അഭിപ്രായങ്ങൾ ക്ഷണിക്കുകയും ചെയ്യണം. ഇത് പരിസ്ഥിതി (സംരക്ഷണ) നിയമം, 1986 ൽ പറഞ്ഞിട്ടുള്ള നടപടിക്രമമനുസരിച്ചായിരിക്കണം. സി.സെഡ്.എം. പദ്ധതികളുടെ അന്തിമരൂപം അതതു സംസ്ഥാനം അഥവാ കേന്ദ്രഭരണപ്രദേശം ആറുമാസത്തിനകം തയ്യാറാക്കി അതിന് കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വാങ്ങിയിരിക്കണം. സി.സെഡ്.എം.പി. യുടെ അന്തിമരൂപം കൈപ്പറ്റി മൂന്നു മാസത്തിനകം കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം അത് പരിഗണിക്കുകയും അനുമതി നൽകുകയും ചെയ്യേണ്ടതാണ്.

(iii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാവിധ വികസനപ്രവർത്തനങ്ങളും അനുമതി ലഭിച്ച സി.സെഡ്.എം. പദ്ധതികളുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് അതാതു സംസ്ഥാന സർക്കാരോ കേന്ദ്രഭരണ സർക്കാരോ തദ്ദേശ സ്വയം ഭരണ മേധാവികളോ ബന്ധപ്പെട്ട സി.സെഡ്.എം.എ.യോ നിയന്ത്രിക്കേണ്ടതാണ്. മേൽപ്പടി നിയന്ത്രണങ്ങൾ ഈ വിജ്ഞാപനത്തിലെ വകുപ്പുകൾ അനുസരിച്ചായിരിക്കും.

(iv) സി.ആർ.സെഡ്. മേഖലയിലെ എല്ലാ വികസന പ്രവർത്തനങ്ങളും ഈ വിജ്ഞാപന പ്രകാരവും അനുമതി ലഭിച്ച സി.സെഡ്.എം. പദ്ധതികൾ പ്രകാരവും ആയിരിക്കും നടപ്പിലാക്കുക.

(v) സി.സെഡ്.എം. പദ്ധതികൾ പൂർത്തീകരിച്ച് അഞ്ചുവർഷത്തിനുശേഷം അതാതു സംസ്ഥാനങ്ങളുടെയോ കേന്ദ്രഭരണപ്രദേശങ്ങളുടെയോ അപേക്ഷ പ്രകാരം പുതുക്കാവുന്നതാണ്.

(vi) സി.ആർ.സെഡ്, 2010 പ്രകാരമുള്ള പുതിയ സി.സെഡ്.എം. പദ്ധതികൾക്ക് അനുമതി നൽകുംവരെ, നിലവിൽ അനുമതി ലഭിച്ച പദ്ധതികൾ സി.ആർ.സെഡ് വിജ്ഞാപനം, 1991 പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്.

6. വിജ്ഞാപനം നടപ്പിലാക്കൽ

വിജ്ഞാപന ലംഘനങ്ങൾ താഴെ പറയുന്ന പ്രകാരം കൈകാര്യം ചെയ്യപ്പെടുന്നതാണ്.

6.1 (a) സി.ആർ.സെഡ്. വിജ്ഞാപനം 1991 ന്റെ ലംഘനങ്ങൾ ഈ വിജ്ഞാപനം പരസ്യപ്പെടുത്തി മൂന്നു മാസത്തിനകം കണ്ടെത്തേണ്ടതും ആവശ്യമായ നടപടികൾ പരിസ്ഥിതി (സംരക്ഷണ) നിയമം 1986 പ്രകാരം, ഈ വിജ്ഞാപനം വന്ന് ആറുമാസത്തിനകം കൈക്കൊള്ളേണ്ടതുമാണ്.

(b) സി.ആർ.സെഡ്. വിജ്ഞാപനത്തിന്റെ ലംഘനങ്ങൾ കണ്ടെത്തിയിട്ടുള്ളവയിന്മേൽ അതാതു സംസ്ഥാനത്തെയോ കേന്ദ്രഭരണപ്രദേശത്തെയോ സി.സെഡ്.എം.എ., ഈ വിജ്ഞാപനം, പുറത്തെത്തി ആറു മാസത്തിനകം നടപടിയെടുക്കേണ്ടതാണ്.

(c) സി.ആർ.സെഡ്. വിജ്ഞാപനം 1991 ന്റെ ലംഘനങ്ങളുടെ വിശദാംശങ്ങളും അവയിന്മേൽ കൈക്കൊണ്ട നടപടികളും ബന്ധപ്പെട്ട സി.സെഡ്.എം.എ. യുടെ വെബ്സൈറ്റിലും തീരദേശപരിപാലനം സംബന്ധിച്ച് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം തയ്യാറാക്കിയിട്ടുള്ള വെബ്സൈറ്റിലും ചേർക്കേണ്ടതാണ്.

6.2 സി.ആർ.സെഡ്. നടപ്പിലാക്കൽ

(a) ഡൽഹിയിലെ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയമോ ബന്ധപ്പെട്ട സംസ്ഥാന/കേന്ദ്രഭരണപ്രദേശ സർക്കാരുകളോ സംസ്ഥാന/കേന്ദ്ര ഭരണ തലത്തിലെ സി.ആർ.സെഡ്. കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട വകുപ്പുകളോ പ്രതിനിധികളോ ആയിരിക്കും സി.ആർ.സെഡ്. വിജ്ഞാപനം 2010 നടപ്പാക്കുന്നതിന്റെ ചുമതലക്കാർ.

(b) സി.ആർ.സെഡ്. ന്റെ മേൽനോട്ടവും നടപ്പിലാക്കലും ഉദ്ദേശിച്ചുകൊണ്ട് കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 1993 ലെ 664-ാം നമ്പർ റിട്ട് ഹർജിയിലെ ഉത്തരവു പ്രകാരം ദേശീയ തീരമേഖലാ പരിപാലന അതോറിറ്റിയെയും സംസ്ഥാന/കേന്ദ്രഭരണ സി.സെഡ്.എം.എ. യെയും പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം ചെയ്യു

ന്നതായിരിക്കും.

(c) പരിസ്ഥിതി (സംരക്ഷണ) നിയമം 1986 പ്രകാരം നിയുക്തരായ എൻ.സി.സെഡ്.എം.എ. യും സംസ്ഥാനത്തെയോ കേന്ദ്രഭരണ പ്രദേശത്തെയോ സിസെഡ്.എം.എ.യും പരിസ്ഥിതി (സംരക്ഷണ) നിയമം 1986 നു കീഴിലുള്ള മറ്റേതെങ്കിലും വിജ്ഞാപനത്തിൽ ഉൾപ്പെടുന്നുവെങ്കിലും സി.ആർ. സെഡ്. വിജ്ഞാപനം 2010 ന്റെ നടപ്പാക്കലും മേൽനോട്ടവും അവരിൽത്തന്നെ നിക്ഷിപ്തമായിരിക്കും.

(d) സി.ആർ.സെഡ്. വിജ്ഞാപനം 2010 നെതിരെയുള്ള ലംഘനങ്ങളിന്മേൽ നടപടിയെടുക്കുന്നതിന് എൻ.സി.സെഡ്.എം.എ. യ്ക്കും എസ്.സി.സെഡ്.എം.എ. യ്ക്കും പരിസ്ഥിതി (സംരക്ഷണ) നിയമം 1986 ലെ വകുപ്പുകൾ പ്രകാരം പര്യാപ്തമായ അധികാരമുണ്ടായിരിക്കുന്നതാണ്.

(e) മേൽപ്പറഞ്ഞ 6.2 (a) ലും (b) യിലും പ്രതിപാദിക്കുന്നതായ ഏജൻസികൾക്കോ അധികൃതർക്കോ അവരുടെ പ്രവർത്തനങ്ങൾക്ക് പരിസ്ഥിതി (സംരക്ഷണ) നിയമം 1986 ലെ വകുപ്പുകൾ പ്രകാരം സിദ്ധിച്ചിരിക്കുന്ന അധികാരമുപയോഗിച്ച് ഏതെങ്കിലും വ്യക്തികൾക്കോ ഉദ്യോഗസ്ഥർക്കോ അധികൃതർക്കോ മാർഗനിർദേശം നൽകുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്. മേൽ കക്ഷികൾ ഈ മാർഗനിർദേശം പാലിക്കുവാൻ ബാധ്യസ്ഥരാണ്.

(f) എന്നാൽ ഗുരുതരമായ എന്തെങ്കിലും പരിസ്ഥിതിയാഘാതത്തിനുള്ള സാധ്യതയുടെ വെളിച്ചത്തിൽ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിനോ എൻ.സി.സെഡ്.എം.എ. യ്ക്കോ സംസ്ഥാനത്തെയോ കേന്ദ്രഭരണപ്രദേശത്തെയോ സി.സെഡ്.എം.എ. യ്ക്കോ, നിർദിഷ്ട നിർദേശങ്ങൾക്കെതിരെ തടസവാദങ്ങൾ ഉന്നയിക്കപ്പെടുന്നതിന് അവസരമുണ്ടാക്കുന്നത് ഉചിതമല്ല എന്ന് അഭിപ്രായമുണ്ടാകുന്ന പക്ഷം കാരണങ്ങൾ രേഖാമൂലം തയ്യാറാക്കിയതിനുശേഷം, വേണ്ട മാർഗനിർദേശങ്ങൾ തടസവാദങ്ങൾക്ക് അവസരം കൊടുക്കാതെ തന്നെ പുറപ്പെടുവിക്കാവുന്നതാണ്.

7. സി.ആർ.സെഡ് തരംതിരിവ്

(i) തീരമേഖലയെയും സമുദ്രജലമേഖലയെയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ സി.ആർ.സെഡ് പ്രദേശങ്ങളെ ചുവടെ പറയുന്ന രീതിയിൽ തരംതിരിക്കുന്നതാണ്.

I. സി.ആർ.സെഡ് - 1

A. പാരിസ്ഥിതികമായി ദുർബലവും തീരമേഖലയുടെ സുരക്ഷയെ നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതുമായ പ്രദേശങ്ങൾ. സി.ആർ.സെഡ്. - 1 ഗണത്തിൽ ഇനി പറയുന്നവ ഉൾപ്പെടുന്നു.

(a) കണ്ടൽ മേഖലകൾ. ഇത് 1000 ചതുരശ്ര മീറ്ററിലധികം വരുന്നവെങ്കിൽ 50 മീറ്ററിന്റെ കരുതൽ മേഖല കൂടി അതിലുൾപ്പെടുത്തുന്നതാണ്.

(b) പവിഴപ്പുറ്റുകളും അവയുൾപ്പെട്ട പാറക്കൂട്ടങ്ങളും അവയോടനുബന്ധിച്ചുള്ള ജൈവവൈവിധ്യവും.

(c) മണൽക്കുന്നുകൾ.

(d) ജൈവപരമായി സചേതനമായ ചേറുപരപ്പുകൾ.

*(e) ദേശീയ പാർക്കുകൾ, സമുദ്രപാർക്കുകൾ, വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾ, സംരക്ഷിത വനങ്ങൾ, വന്യജീവി ആവാസ വ്യവസ്ഥകൾ, വന്യജീവി (സംരക്ഷണ) നിയമം 1972 (1972 ന്റെ 53), കൂടാതെ വന (പരിപാലന) നിയമം, 1980 (1980 ന്റെ 69) അല്ലെങ്കിൽ പരിസ്ഥിതി (സംരക്ഷണ) നിയമം, 1986 (1986 ന്റെ 29) എന്നിവയുടെ കീഴിൽ വരുന്ന സംരക്ഷിത ജൈവ സങ്കേതമുൾപ്പെടെയുള്ള മറ്റു പ്രദേശങ്ങൾ.*

*(f) ഉപ്പുപാടങ്ങൾ.*

*(g) ആമകളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ.*

*(h) കുതിരലാടത്തിന്റെ ആകൃതിയിൽ ഞണ്ടുകളുടെ ആവാസ സങ്കേതങ്ങൾ.*

*(i) കടൽപ്പായൽത്തിട്ടകൾ.*

*(j) പക്ഷികളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ.*

*(k) പുരാവസ്തു വകുപ്പു പ്രകാരം പ്രാധാന്യമുള്ള പ്രദേശങ്ങൾ അല്ലെങ്കിൽ ഘടനകൾ, പൈതൃക സങ്കേതങ്ങൾ എന്നിവ.*

B. വേലിയേറ്റ രേഖയ്ക്കും വേലിയിറക്ക രേഖയ്ക്കുമിടയിലെ പ്രദേശങ്ങൾ

*C. കടൽനിരപ്പുയരുന്നതുവഴി വെള്ളപ്പൊക്കത്തിനു സാധ്യതയുള്ള മേഖലകൾ.*

(II) സി.ആർസെഡ് - II

തീരരേഖവരെയോ അതിനടുത്ത് വരെയോ വികസിപ്പിച്ചിട്ടുള്ള പ്രദേശങ്ങൾ. ഈ പട്ടികയിൽ "വികസിത മേഖല" എന്നാൽ ഉദ്ദേശിക്കുക മുനിസിപ്പൽ പരിധിയിൽ വരുന്ന പ്രദേശങ്ങൾ അല്ലെങ്കിൽ നിയമപരമായി നിർദേശിക്കപ്പെട്ടിട്ടുള്ളതും നല്ലനിലയിൽ രൂപീകരിച്ചിട്ടുള്ളതും അപ്രോച്ച് റോഡുകൾ, മലിനജലനിർഗമനന സംവിധാനങ്ങൾ എന്നിവയും ജലവിതരണം, ഓടകൾ തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നൽകപ്പെട്ടിട്ടുള്ളതുമായ പ്രദേശങ്ങൾ എന്നാണ്.

(III) സി.ആർസെഡ് - III,

ഒന്നാം ഗണത്തിലോ രണ്ടാം ഗണത്തിലോ ഉൾപ്പെടാത്തതും താരതമ്യേന സ്വച്ഛവുമായ മേഖലകൾ. ഗ്രാമപ്രദേശങ്ങളിലെ (വികസിതവും അവികസിതവും) തീരമേഖലകളും മുനിസിപ്പൽ പരിധിയിൽ വരുന്ന പ്രദേശങ്ങളും നിയമപ്രകാരം നിർദേശിക്കപ്പെട്ടിട്ടുള്ളതും എന്നാൽ കാര്യമായ രീതിയിൽ നിർമാണപ്രവർത്തനങ്ങൾ നടക്കാത്തതുമായ മേഖലകളും ഇതിലുൾപ്പെടുന്നു.

*(IV) സി.ആർസെഡ് - IV*

*A. വേലിയേറ്റ രേഖയിൽ നിന്ന് ഉള്ളിലേക്ക് കടലിനുനേർക്ക് 12 നോട്ടിക്കൽ മൈൽ ദൂരത്തിലുള്ള ജലമേഖല.*

*B. വേലിയേറ്റ സ്വാധീനത്തിലുൾപ്പെടുന്ന ജലാശയങ്ങളുടെ സമുദ്രവുമായി ബന്ധപ്പെട്ടുനിൽക്കുന്ന ജലമുഖം മുതൽ മൊത്തം ജലാശയം ഇതിലുൾപ്പെടുന്നു. ഒരുവർഷത്തെ ഏറ്റവും ഉണക്കേറിയ കാലത്ത് ആയിരത്തിൽ അഞ്ച്ഭാഗം എന്ന തോതിൽ ലവണാംശം നിശ്ചയിച്ചാണ് വേലിയേറ്റ സ്വാധീനം അളക്കുന്നത്.*

*(V.) പ്രത്യേക പരിഗണന ആവശ്യമായ പ്രദേശങ്ങൾ -*

*A. മഹാരാഷ്ട്ര സർക്കാരിന്റെ വിജ്ഞാപനപ്രകാരം ഗ്രേറ്റർ മുംബൈയുടെയും നവി മുംബൈയുടെയും മുനിസിപ്പൽ പരിധിയിൽ വരുന്ന സി.ആർസെഡ് മേഖല.*

*B. കേരളത്തിലെ കായലുകളും കായൽത്തുരുത്തുകളുമുൾപ്പെട്ട സി.ആർസെഡ് പ്രദേശങ്ങൾ*

*C. പശ്ചിമബംഗാളിലെ സുന്ദർബൻ മേഖല*

*D. ഗോവയിലെ സി.ആർ.സെഡ് പ്രദേശങ്ങൾ*

8. പ്രവർത്തന നിയന്ത്രണ മാനദണ്ഡങ്ങൾ.

*(i) അപായമേഖലയിൽ കേന്ദ്രീകരിക്കുവാനുദ്ദേശിച്ചുള്ള പദ്ധതികൾക്ക് വേണ്ടത്ര സുരക്ഷാ ഏർപ്പാടുകൾ രൂപീകരിക്കുകയോ നൽകുകയോ ചെയ്യുന്നുവെന്ന് ഉറപ്പാക്കണം.*

(ii) വിവിധതരത്തിൽപ്പെട്ട സി. ആർ മേഖലകളിലെ വികസന, നിർമാണ പ്രവർത്തനങ്ങൾ അതത് സംസ്ഥാന, കേന്ദ്ര- ഭരണതലത്തിലെ അധികൃതർ താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം നിയന്ത്രിക്കേണ്ടതാണ്.

**1. സി. ആർ. സെഡ്-I**

(i) ചുവടെ പറയുന്നവയൊഴികെ ഒരു വിധ പുതിയ നിർമാണ പ്രവർത്തനങ്ങളും സി.ആർ. സെഡിൽ അനുവദിക്കുന്നതല്ല.

(a) ആണവോർജ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ

(b) സംപ്രേഷണ കേബിളുകളുൾപ്പെടെയുള്ള ശ്രേണികളെ വഹിക്കുന്ന കുഴൽനിരകൾ.

(c) സി.ആർ.സെഡ്-1 നു കീഴിൽ അനുവദിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് അനിവാര്യമായ സൗകര്യങ്ങൾ.

(d) ചുഴലിക്കാറ്റുകളുടെ നീക്കങ്ങൾ വിലയിരുത്തുന്നതിനും ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനങ്ങൾക്കുമായി കാലാവസ്ഥാ നിരീക്ഷണോപകരണങ്ങൾ സ്ഥാപിക്കൽ.

(e) വേലിയേറ്റരേഖയ്ക്കും വേലിയിറക്കരേഖയ്ക്കുമിടയിലെ തിരയൊഴുക്കിനെ ബാധിക്കാതെ പൊയ്ക്കാലുകളിലോ, തൂണുകളിലോ, തുറമുഖഹ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള കടൽപ്പാതകളോ അനുബന്ധനങ്ങളോ ലിങ്കുകളോ നിർമിക്കൽ.

(f) നവി മുംബൈയിലെ ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിന്റെയും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനമേഖലകളുടെയും വികസനം.

(ii) വേലിയേറ്റ രേഖയുടെയും വേലിയിറക്കരേഖയുടെയും ഇടയ്ക്കുള്ള, പാരിസ്ഥിതികമായി ദുർബലമല്ലാത്തതോ പ്രധാനമല്ലാത്തതോ ആയ പ്രദേശങ്ങളിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ അനുവദിക്കുന്നതാണ്.

(a) പ്രകൃതിവാതക പര്യവേഷണവും ശേഖരണവും

(b) ഖണ്ഡിക 2 ൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവർത്തനങ്ങൾ

(c) സംരക്ഷിത ജൈവ മണ്ഡലങ്ങളിൽ പരമ്പരാഗതമായി അധിവസിച്ചുപോരുന്ന ജനവിഭാഗങ്ങളുടെ ഉപയോഗത്തിലേയ്ക്കായി ചികിത്സാലയങ്ങളും സ്കൂളുകളും മഴമറകളും പൊതുശൗചപ്പുരകളും പാലങ്ങളും റോഡുകളും ജെട്ടികളും ജലവിതരണ സംവിധാനങ്ങളും മലിനജല നിർഗമനോപാധികളും ബന്ധപ്പെട്ട സി. സെഡ്. എം അധികൃതരുടെ അനുമതിയോടെ നിർമിക്കൽ. *അപായമേഖലയിലുൾപ്പെട്ട പ്രദേശങ്ങളിൽ ഇത്തരം വികസന പ്രവർത്തനങ്ങൾ അനുവദിക്കുമ്പോൾ അനിവാര്യമായ സുരക്ഷാനടപടികൾ കൂടി വ്യവസ്ഥയിൽ ഉൾപ്പെടുത്തേണ്ടതാണ്.*

(d) കടൽവെള്ളം വറ്റിച്ച് ഉപ്പുണ്ടാക്കൽ

(e) നിർലവണീകരണ പ്ലാന്റുകൾ

(f) പ്രത്യേകമായി വിജ്ഞാപനം ചെയ്തിട്ടുള്ള തുറമുഖങ്ങളിൽ ഭക്ഷ്യ എണ്ണ, രാസവളങ്ങൾ, ധാന്യങ്ങൾ തുടങ്ങിയ അപായകരമല്ലാത്ത ചരക്കുകളുടെ സൂക്ഷിപ്പ്.

(g) തിരയൊഴുക്കിനെ ബാധിക്കാതെ അഴിമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പൊയ്ക്കാലികളിലോ തൂണുകളിലോ കടൽപ്പാതകളോ അനുബന്ധ ശൃംഖലകളോ നിർമിക്കൽ.

**സി.ആർ.സെഡ്- II**

(i) നിലവിലുള്ള റോഡുകളുടെ (അല്ലെങ്കിൽ ആ പ്രദേശത്തെ അനുമതി ലഭ്യമായ സി.സെഡ്. എം. പദ്ധതിയിൽ നിർമിക്കുവാനുദ്ദേശിച്ചിട്ടുള്ള റോഡുകളുടെ) കരയോടു ചേർന്നുള്ള ഭാഗത്തുമാത്രമോ നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെ *കരയോടു ചേർന്നുള്ള ഭാഗത്തുമാത്രമോ അല്ലെങ്കിൽ അപായരേഖയ്ക്കു തൊട്ടരികത്തായി അംഗീകൃത കെട്ടിടങ്ങളൊന്നും നിലവിലില്ലാത്ത പക്ഷം ആ രേഖയുടെ,* കരയോടുചേർന്നുള്ള ഭാഗത്തുമാത്രമോ കെട്ടിടങ്ങൾ നിർമിക്കുവാൻ അനുമതി നൽകുന്നതാണ്. നിലവിലുള്ളതും നിർദ്ദിഷ്ടവുമായ റോഡുകളുടെയോ നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെയോ കരയോടുചേർന്നുള്ള ഭാഗത്ത് അനുവദിക്കുന്ന കെട്ടിടങ്ങൾ, 19.02.1991 ൽ നിലവിൽ വന്നതായ *ഗ്രാമീണ/പട്ടണ പ്ലാനിങ്ങ് ചട്ടങ്ങൾക്ക് വിധേയമായിരിക്കും. ഇതിൽ തറവിസ്തൃതി സൂചക തറവിസ്തൃതി അനുപാതനിയമവും ഉൾപ്പെടുന്നു.*

നിലവിലുള്ള ഒരു റോഡിന്റെ കടൽഭാഗത്തോടു ചേർന്നുള്ള വശത്ത് പുതുതായി നിർമിച്ചിട്ടുള്ള ഏതെങ്കിലും പുതിയ റോഡുകളുടെ (സി.സെഡ്. എം. പദ്ധതി പ്രകാരമുള്ള നിർദ്ദിഷ്ട റോഡുകളുടെയൊഴികെ) കരയോടുചേർന്നുള്ള ഭാഗത്ത് കെട്ടിടങ്ങൾ നിർമിക്കുന്നതിന് അനുമതി നൽകുന്നതല്ല.

നിലവിലുള്ള റോഡുകളെയും അംഗീകൃത കെട്ടിടങ്ങളെയും അംഗീകൃത കെട്ടിടങ്ങളെയും അംഗീകൃത സി.സെഡ്. എം. പിയോടനുബന്ധിച്ചുള്ള നിർദ്ദിഷ്ട റോഡുകളെയും പുതിയ റോഡുകളെയും ആധാരമാക്കിയുള്ള നിർമാണ നിയന്ത്രണങ്ങൾ, 19-02-91 നു മുമ്പായി സംസ്ഥാന/തദ്ദേശ അധികൃതരിൽ നിന്ന് പ്രസക്തമായ എല്ലാ അനുമതികളും ലഭിച്ചിട്ടുള്ളതും അതേ തീയതിക്കുമുമ്പായി കുറഞ്ഞത് ഒരു ഘട്ടമെങ്കിലും നിർമാണം തുടങ്ങിവച്ചതുമായ, സംസ്ഥാന നഗര വികസന വകുപ്പിന്റെ ഭവന നിർമാണ പദ്ധതികൾക്ക് ബാധകമല്ല.

അത്തരം സാഹചര്യങ്ങളിൽ ഓരോരോ പ്രവർത്തനത്തിനും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സവിശേഷാനുമതി ആവശ്യമാണ്.

(ii) നിലവിലുള്ള തറവിസ്തൃതി സൂചക/തറവിസ്തൃതി അനുപാത നിബന്ധനകൾക്കനുസൃതമായും എന്നാൽ നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്താതെയും അംഗീകൃത കെട്ടിടങ്ങൾക്ക് പുനർനിർമാണം അനുവദിക്കുന്നതാണ്.

(iii) കെട്ടിടങ്ങളുടെ മാതൃകയും ഘടനയും പരിസര പ്രദേശത്തെ ഭൂപ്രകൃതിയ്ക്കും തദ്ദേശവാസ്തു വിദ്യാ ശൈലിക്കും യോജിക്കുന്നതായിരിക്കണം.

(iv) പെട്രോളിയം ഉൽപ്പന്നങ്ങളുടെയും ദ്രാവകരൂപത്തിലാക്കിയ പ്രകൃതിവാതകത്തിന്റെയും സ്വീകരണ-സംഭരണ സൗകര്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ അനുബന്ധം-II ൽ പ്രതിപാദിക്കുന്ന രീതിയിലും, ദ്രാവക രൂപത്തിലെ പ്രകൃതിവാതകത്തിന്റെ പുനർബാഷ്പീകരണത്തിനുള്ള സൗകര്യങ്ങൾ ഖണ്ഡിക 2 (ii) ൽ സൂചിപ്പിക്കുന്ന വ്യവസ്ഥകൾക്ക് വിധേയവുമായിരിക്കണം.

(v) നിർലവണീകരണ പ്ലാന്റുകളും *അനുബന്ധ സൗകര്യങ്ങളും.*

(vi) പ്രത്യേകമായി വിജ്ഞാപനം ചെയ്തിട്ടുള്ള തുറമുഖങ്ങളിൽ ഭക്ഷ്യ എണ്ണ, രാസവളങ്ങൾ, ധാന്യങ്ങൾ തുടങ്ങിയ അപായരഹിതമായ ചരക്കുകളുടെ സൂക്ഷിപ്പ്.

(vii) പരമ്പരാഗതമല്ലാത്ത ഊർജോൽപ്പാദന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും.

## III സി. ആർ. സെഡ്- III

A. വേലിയേറ്റ രേഖയിൽ നിന്ന കരയിലേക്ക് 200 മീറ്റർ വരെയുള്ള പ്രദേശം "വികസന നിരോധിത പ്രദേശ" മായി നിജപ്പെടുത്തേണ്ടതാണ്.

(i) പ്രത്യേകം വിജ്ഞാപനം ചെയ്ത തുറമുഖങ്ങളുടെയോ 'പ്രത്യേക സാമ്പത്തിക മേഖലയായി നിജപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളുടെയോ പരിധിയിൽ വരുന്ന ഭാഗങ്ങൾക്ക് 'വികസന നിഷിദ്ധ മേഖല' ബാധകമല്ല.

(ii) ഈ വിജ്ഞാപന പ്രകാരമുള്ള പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് നിലവിലുള്ള തറവിസ്തൃതി സൂചകത്തിന്റെയും പ്ലിന്ത് ഏരിയയുടെയും വ്യാപ്താനുപാതത്തിന്റെയും തോതുകൾ മറികടക്കാതെയുള്ള അറ്റകുറ്റപ്പണികളും *പുനർനിർണാണ*വുമൊഴികെ മറ്റൊരുവിധ നിർമാണ പ്രവർത്തനങ്ങളും ഈ മേഖലയിൽ അനുവദനീയമല്ല.

(iv) എന്നിരുന്നാലും ഇനി പറയുന്ന ഉപയോഗങ്ങൾ അല്ലെങ്കിൽ പ്രവർത്തനങ്ങൾ ഈ മേഖലയിൽ അനുവദനീയമാണ്: കൃഷി, ഉദ്യാനനിർമാണം, ഫലവൃക്ഷ പരിപാലനം, മേച്ചിൽ പ്രദേശങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, വനവത്കരണം.

(v) ആണവോർജ പദ്ധതികൾ

(vi) അപൂർവ ധാതു ഖനനം

(vii) കടൽ വെള്ളത്തിൽ നിന്ന് കല്ലുപ്പ് ഉൽപാദനം.

(viii) അനുബന്ധം- II ൽ പ്രതിപാദിക്കുന്ന പെട്രോളിയം ഉൽപ്പനങ്ങളുടെയും ദ്രാവകരൂപത്തിലാക്കിയ പ്രകൃതിവാതകത്തിന്റെയും സ്വീകരണത്തിനും സംഭരണത്തിനുമുള്ള സൗകര്യങ്ങൾ.

(ix) ഖണ്ഡിക 2 (ii) ലെ വ്യവസ്ഥകൾക്കു വിധേയമായി ദ്രാവകരൂപത്തിലെ പ്രകൃതി വാതകത്തിന്റെ ബാഷ്പീകരണത്തിനുള്ള സംവിധാനങ്ങള്.

(x) പരമ്പരാഗതമല്ലാത്ത ഊർജസ്രോതസുകളിൽ നിന്നുള്ള വൈദ്യുതിയുൽപാദനത്തിനുള്ള സംവിധാനങ്ങൾ.

(xi) നിർലവണീകരണ പ്ലാന്റുകളുടെയും അനുബന്ധ സൗകര്യങ്ങളുടെയും രൂപീകരണം.

(xii) കാലാവസ്ഥാ നിരീക്ഷണോപകരണങ്ങൾ

(xiii) തദ്ദേശവാസികളുടെ ഉപയോഗത്തിനായി ചികിത്സാലയങ്ങൾ, സ്കൂളുകൾ, പൊതുമഴമറകൾ, പൊതുശൗചപ്പുരകൾ, പാലങ്ങൾ, വഴികൾ, ജലവിതരണസംവിധാനങ്ങൾ, അഴുക്കുചാലുകൾ, മറ്റ് മലിനജല നിഗമന സംവിധാനങ്ങൾ തുടങ്ങിയവയുടെ നിർമാണം ഓരോന്നിനും കേന്ദ്രസർക്കാരിന്റെയോ സി.സെഡ്.എം.എ. യുടെയോ സവിശേഷാനുമതി നടത്താവുന്നാണ്.

(iv) ഗാർഹിക മലിന ജലനിർഗമനത്തിനും സംസ്കരണത്തിനും പുറന്തള്ളലിനുമുള്ള യൂണിറ്റുകളുടെയും അനുബന്ധയൂണിറ്റുകളുടെയും നിർമാണം.

(xv) *തദ്ദേശ മത്സ്യത്തൊഴിലാളി വിഭാങ്ങൾക്കാവശ്യമായ മീനുണക്കൽ കളങ്ങൾ, ലേലകേന്ദ്രങ്ങൾ, വലനന്നാക്കൽ കളങ്ങൾ, പരമ്പരാഗത ബോട്ടുനിർമ്മാണക്കളങ്ങൾ, ഐസ്പൊടിക്കൽ യൂണിറ്റുകൾ, മത്സ്യസംസ്കരണ സംവിധാനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ*

B. 200 മീറ്റർ മുതൽ 500 മീറ്റർ വരെയുള്ള പ്രദേശം:

(i) നിർദ്ദിഷ്ട സി. ആർ.സെഡ് മേഖലയിൽപ്പെടുന്ന വേലിയേറ്റ രേഖയിൽപ്പെടന്ന വേലിയേറ്റ രേഖയുടെ ഇരുന്നൂറുമീറ്ററിനും അഞ്ഞൂറുമീറ്ററിനും ഇടയിലെ ഒഴിവുള്ള സ്ഥലച്ച്, അനുബന്ധം III യിലെ മാർഗനിർദേശങ്ങൾക്കു വിധേയമായി വിനോദസഞ്ചാരികളുടെയോ സന്ദർശകരുടെയോ താത്ക്കാലിക താമസത്തിനായി ഹോട്ടലുകളോ, ബീച്ച് റിസോർട്ടുകളോ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയോടെ നിർമിക്കുന്നതു സംബന്ധിച്ചുള്ള വികസനം.

(ii) അനുബന്ധം-II ൽ പ്രതിപാദിക്കുന്ന രീതിയിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെയും ദ്രാവകരൂപത്തിലാക്കിയ പ്രകൃതിവാതകത്തിന്റെയും സ്വീകരണം സംഭരണ സൗകര്യങ്ങൾ.

(iii) ഖണ്ഡിക 2 (ii) ൽ സൂചിപ്പിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി ദ്രാവകരൂപത്തിലെ പ്രകൃതി വാതകത്തിന്റെ പുനർബാഷ്പീകരണത്തിനുള്ള സൗകര്യങ്ങൾ.

(iv) പ്രത്യേകമായി വിജ്ഞാപനം ചെയ്തിട്ടുള്ള തുറമുഖങ്ങളിൽ ഭക്ഷ്യഎണ്ണ, രാസവളങ്ങൾ, ധാന്യങ്ങൾ തുടങ്ങിയ അപായരഹിതമായ ചരക്കുകളുടെ സൂക്ഷിപ്പ്.

(v) നിർലവണീകരണ പ്ലാന്റുകളും അനുബന്ധ സൗകര്യങ്ങളും.

(vi) പരമ്പരാഗതമല്ലാത്ത ഊർജസ്രോതസുകളിൽ നിന്നുള്ള വൈദ്യുതിയുൽപാദനത്തിനുള്ള സൗകര്യങ്ങൾ.

(vii) പരമ്പരാഗതാവകാശമുള്ളതും നാട്ടുനടപ്പനുസരിച്ചുള്ള ഉപയോഗത്തിലുള്ളതുമായ മത്സ്യബന്ധന ഗ്രാമങ്ങളുടെയും സങ്കേതങ്ങളുടെയും.

മണ്ഡലത്തിൽ വരുന്ന സ്ഥലങ്ങളിൽ അനുവദനീയമായ വസതികളുടെ നിർമിതി അല്ലെങ്കിൽ പുനർനിർമിതി. എന്നാൽ മേൽപ്പറഞ്ഞ നിർമിതി അല്ലെങ്കിൽ പുനർനിർമിതിക്കുള്ള അനുമതി ചില ഉപാധികൾക്കു വിധേയമാണ്:- മൊത്തം വസതികളുടെ എണ്ണം നിലവിലുള്ള വസതികളുടെ ഇരട്ടിയിലധികമാവാൻ പാടില്ല; എല്ലാ നിലകളുടെയും മൊത്തം വിസ്തീർണം നിലവിലുള്ള സ്ഥല യളവിന്റെ 33 ശതമാനത്തിന് മുകളിലാവാൻ പാടില്ല; മൊത്തം നിർമിതിയുടെ ഉയരം 9 മീറ്ററിൽ കൂടുവാൻ പാടില്ല: നിർമിതി രണ്ടുനില (തറ നിലയും ഒന്നാം നിലയും) യിലധികമാവാൻ പാടില്ല.

(viii) വിജ്ഞാപന പ്രകാരം അനുവദിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായതും ഒഴിവാക്കാൻ വയ്യാത്തതുമായ സൗകര്യങ്ങളുടെ നിർമിതി അനുവദനീയമാണ്.

(ix) പൊതുമഴമറകൾ, പൊതുശൗചപ്പുരകൾ, ജലവിതരണം, ഓടകൾ, മറ്റ് മലിനജല നിർഗമനോപാധികൾ, വഴികൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മിതിക്കുള്ള അനുമതി അതാത് സംസ്ഥാന സർക്കാർ അല്ലെങ്കിൽ കേന്ദ്രഭരണസർക്കാർ നിർദേശിക്കുന്ന അധികാരികൾ വഴി ലഭിക്കുന്നതാണ്. ഏതെങ്കിലും പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും സി.ആർ.സെഡ് -ൽ ഉൾപ്പെടുകയും അവിടെ സ്കൂളുകളോ  ചികിത്സാലയങ്ങളോ, നിർമിക്കാൻ മറ്റിടങ്ങളിൽ സൗകര്യങ്ങളില്ലാതെ വരികയും ചെയ്താൽ, തദ്ദേശവാസികളുടെ ഉപയോഗാർത്ഥം അവ പ്രസ്തുത പ്രദേശത്ത് നിർമ്മിക്കുന്നതിനുള്ള അനുമതിയും മേൽപ്പറഞ്ഞ അധികാരികൾക്ക് നൽകാവുന്നതാണ്.

(x) മേൽപ്പറഞ്ഞ vii, viii, ix, ഉപവിഭാഗങ്ങൾ പ്രകാരം അനുമതി ലഭിച്ച് നിർമ്മിച്ചിട്ടുള്ള, നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെ പുനർനിർമിതി അല്ലെങ്കിൽ പരിവർത്തനം.

(xi) വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാമ്പത്തിക മേഖലയിൽ, ആ സാമ്പത്തിക മേഖലയുടെ  വികസനത്തിന് ഒഴിച്ചുകൂട്ടാൻ പാടില്ലാത്തതും എസ്. ഇ. സെഡ് അധികൃതർ അനുമതി നൽകിയതുമായ രൂപരേഖയ്ക്ക് ആവശ്യമായി വരുന്ന മലിനീകരണ രഹിത വിവരസാങ്കേതികവിദ്യാ വ്യവസായങ്ങളും മറ്റ് സേവന വ്യവസായങ്ങളും നിർലവണീകരണ പ്ലാന്റുകളും ബീച്ച് റിസോർട്ടുകളും ഇവയ്ക്കനുബന്ധിതമായ വിനോദസൗകര്യങ്ങളും നിർമിക്കുന്നതിന് അനുമതിയുണ്ട്.

(xii) നവി മുംബൈയിലെ ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിന്റെയും അതോടു ബന്ധപ്പെട്ട പ്രവർത്തന മേഖലകളുടെയും വികസനം.

**(iv) സി.ആർ.സെഡ്- IV മേഖലകളിൽ**

*(a) അസംസ്കൃത മലിനജലവും ദ്രാവകരൂപത്തിലോ ഖരരൂപത്തിലോ ഉള്ള മാലിന്യങ്ങളും പുറംതള്ളുകയോ കുന്നുകൂട്ടി വയ്ക്കുകയോ ചെയ്യുവാൻ പാടില്ല. നഗരത്തിൽ നിന്ന് നിർഗമിക്കുന്ന മലിനജലത്തിന്റെ സംസ്കരണത്തിന് ഒരു സമഗ്രപദ്ധതി, ഈ വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനകം രൂപ കല്പന ചെയ്യേണ്ടതും പിന്നീട് രണ്ട് വർഷത്തിനകം നടപ്പാക്കേണ്ടതുമാണ്.*

*(b) തദ്ദേശ ജനസമൂഹങ്ങൾ നടത്തിവരുന്ന മത്സ്യബന്ധനത്തിനും അതോടുബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും നിയന്ത്രണമേർപ്പെടുത്തുന്നതല്ല.*

***V. പ്രത്യേക പരിഗണന ആവശ്യമായിവരുന്ന മേഖലകൾ***

1. ഗ്രേറ്റർ മുംബൈയുടെയും നവി മുംബൈയുടെയും മുനിസിപ്പൽ പരിധികളിൽ വരുന്ന സി. ആർ. സെഡ്.

(i) അസംസ്കൃതദ്രവ മാലിന്യങ്ങളുടെ നിർഗമനവും ഖരമാലിന്യങ്ങളുടെ പുറംതള്ളലും മൂലം സാധ്യതയുള്ള കണ്ടൽക്കാടുശോഷണം, പാറക്കൂട്ടങ്ങളുടെയും തീരദേശജലാശയങ്ങളുടെയും മലിനീകരണം, താഴെത്തട്ടിലെ ജനവിഭാഗങ്ങൾക്ക് ഭേദപ്പെട്ട രീതിയിലുള്ള ഭവനസൗകര്യങ്ങൾ ലഭ്യമാക്കേണ്ടതിന്റെ അനിവാര്യത എന്നിവയുമായി ബന്ധപ്പെട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് കേന്ദ്രമന്ത്രാലയം മുംബൈയിലെയും നവിമുംബൈയിലെയും സി.ആർ.സെഡ് മേഖലകളിൽ പ്രത്യേക നടപടിക്രമങ്ങൾ നൽകുന്നതാണ്. മുംബൈയിലെയും നവിമുംബൈയിലെയും സി.ആർ.സെഡ് പ്രദേശങ്ങളിലെ എല്ലാവിധ വികസന പ്രവർത്തനങ്ങളും ഇനി പറയുന്ന പ്രകാരം നിയന്ത്രണവിധേയമാക്കും:-

(ii) വിജ്ഞാപനത്തിലെ ഖണ്ഡിക 6 (1) A യിൽ സൂചിപ്പിക്കുന്നതായ സി.ആർ.സെഡ്-1 പ്രദേശങ്ങളിൽ ഇനി പറയുന്ന നടപടികൾ കൈക്കൊള്ളാവുന്നതാണ്.

(a) മുംബൈയുടെയും നവിമുംബൈയുടെയും അനുമതി ലഭിച്ചിട്ടുള്ള റോഡുകളുടെയും അപ്രോച്ച് റോഡുകളുടെയും ലിങ്ക് റോഡുകളുടെയും നിർമാണം തൂണുകളിന്മേൽ നടത്തേണ്ടതും ആ ഭാഗത്തെ കടലൊഴുക്കിന്റെ ഗതിയെ അത് തടസപ്പെടുത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്. നിർമാണ പ്രക്രിയയ്ക്കിടയിൽ നശിപ്പിക്കപ്പെടുന്ന ഏതു കണ്ടൽക്കാടും പുതുതായി വച്ചുപിടിപ്പിക്കേണ്ടതാണ്. ഇങ്ങനെ നിർമിച്ച റോഡുകളുടെയോ അപ്രോച്ച്റോഡുകളുടെയോ കരയുടെ നേർക്കുള്ള ഭാഗത്ത് സി.ആർ.സെഡ്- II വിന്റെ ആനുകൂല്യങ്ങൾ കേന്ദ്രീകരിക്കാനിടയാകരുത്.

(b) എല്ലാ കണ്ടൽമേഖലകളും ബോംബെ ഹൈക്കോടതിയുടെ 2003-ലെ 3246-ാം നമ്പർ റിട്ട് ഹർജിയിന്മേലുള്ള ഉത്തരവുപ്രകാരം, കൃത്യമായി രേഖയിലാക്കേണ്ടതാണ്. കണ്ടെത്തിയിട്ടുള്ള മേഖലകൾക്ക് വേണ്ടുന്നതായ കണ്ടൽ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള എല്ലാവിധ നടപടികളും മഹാരാഷ്ട്രാ സർക്കാർ ഉറപ്പാക്കേണ്ടതാണ്.

(c) പുരാവസ്തു വകുപ്പുപ്രകാരം പ്രാധാന്യമുള്ള പ്രദേശങ്ങളും, ദ്വീപുകോട്ടകളും മറ്റു കോട്ടകളുമുൾപ്പെടെയുള്ള പൈതൃക സങ്കേതങ്ങളും തിരിച്ചറിഞ്ഞെടുക്കേണ്ടതും ഈ വിജ്ഞാപനം പുറത്തെത്തി ഒരു വർഷത്തിനകം അനുയോജ്യമായ സംരക്ഷണ പരിപാലന നടപടികൾ തയ്യാറാക്കേണ്ടതുമാണ്.

(d) പരമ്പരാഗതരീതിയിൽ ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേകസ്ഥാനങ്ങൾ അനുവദിക്കുന്നതല്ല.

(e) തീരദേശപരിസ്ഥിതിയ്ക്കുണ്ടാകാവുന്ന ക്ഷതം നിർവീര്യമാക്കാൻ വേണ്ടതായ പാരിസ്ഥിതിക സുരക്ഷാനടപടികൾ സംയോജിപ്പിച്ചുകൊണ്ടുള്ള വിശദമായ ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമായിക്കൊണ്ടുവേണം നവി മുംബൈയിലെ ഗ്രീൻഫീൽഡ് വിമാനത്താവളങ്ങളുടെ വികസനം നടപ്പാക്കേണ്ടത്.

(f) അപായരേഖയ്ക്കപ്പുറം കടലിനുനേർക്കുള്ള ഭാഗത്തെ വസതികളും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സംസ്ഥാനസർക്കാർ കൈക്കൊള്ളേണ്ടതാണ്. ശാസ്ത്രീയ പഠനങ്ങൾക്കനന്തരം കമ്പ്യൂട്ടർ അധിഷ്ഠിതവും അല്ലാത്തതുമായ മാർഗങ്ങൾ ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(g) സി.ആർ.സെഡ്- V പ്രദേശത്ത് മണൽഖനനമോ മണ്ണെടുക്കലോ അനുവദിക്കുന്നതല്ല. അവ നിലവിലുണ്ടെങ്കിൽ അടിയന്തിരമായി നിർത്തലാക്കേണ്ടതാണ്.

(h) അസംസ്കൃത ദ്രവമാലിന്യങ്ങൾ പുറംതള്ളുന്നതുമൂലവും അഴുക്കുചാലുകൾ മൂലവും കര

യിടിക്കലുകൾ മൂലവും തീരപ്രദേശത്തുണ്ടാകുന്ന മലിനീകരണം തടയുന്നതിന് സംസ്ഥാന സർക്കാർ അടിയന്തിര നടപടികളെടുക്കേണ്ടതാണ്.

3 (vi) ൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള ഒരു കർമപദ്ധതി നടപ്പാക്കുകയും വേണം.

(iii) സി.ആർ. സെഡ്- II പ്രദേശങ്ങളിൽ

(a) 19.02.1991–ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിലവിലുള്ളതായ പട്ടണ/ഗ്രാമീണ ആസൂത്രണ ചട്ടങ്ങളിലെ നിബന്ധനകൾ അനുസരിച്ചുവേണം വികസനമോ പുനർവികസനമോ നടപ്പാക്കുവാൻ.

(b) ചേരിനിവാസികൾക്ക് വസതികൾ നൽകുന്നതുദ്ദേശിച്ചുള്ള ചേരി പുനരധിവാസ പദ്ധതി നടപ്പാക്കേണ്ടത്, പൊതു ഫണ്ടോടെയുള്ള തദ്ദേശനിയന്ത്രണച്ചട്ടങ്ങൾ അനുസരിച്ചായിരിക്കണം.

(c) 20,000 കിലോമീറ്ററിലധികം വേണ്ടിവരുന്ന നിർമാണ പ്രവർത്തനങ്ങൾക്കും ടൗൺഷിപ്പ് പദ്ധതികൾക്കും ഇ.ഐ.എ. വിജ്ഞാപനം 2006 അനുസരിച്ചാവും അനുമതി നൽകുക. 20, 000 ചതുരശ്രമീറ്ററിൽ താഴെയുള്ള പദ്ധതികൾക്ക് നഗരപ്രദേശങ്ങളിലെ ബന്ധപ്പെട്ട ആസൂത്രണാധികാരികൾ വഴിയാണ് അനുമതി ലഭിക്കുക.

(iv) സി. ആർ. സെഡ്- III പ്രദേശങ്ങളിൽ

(a) സി. ആർ.സെഡി-II ന്റെ പരിധിയിൽ വരുന്ന എല്ലാ തുറസായ സ്ഥലങ്ങളും സി. ആർ. സെഡ്- III എന്ന് ഇനം തിരിക്കുന്നതായിരിക്കും. അതായത് “ വികസന നിരോധിത മേഖല” യായി പട്ടികയിൽപ്പെടുന്നതായിരിക്കും.

(b) സി. ആർ. സെഡ്- II വിൽ പെടുന്നതേറ്റം അംഗീകൃത സി.സെഡ്. എം.പി അനുസരിച്ച് സി. ആർ. സെഡ്- II ആയി തരം തിരിക്കേണ്ടതുള്ളവയുമായ പാർക്കുകളുടെയും കളിസ്ഥലങ്ങളുടെയും മറ്റ് തുറസുകളുടെയും കാര്യത്തിൽ 15% വരെ എഫ്. സി. ഐ അനുവദിക്കേണ്ടതാണ്. എന്നിരുന്നാലും അത്തരം ഒഴിഞ്ഞ സ്ഥലങ്ങളിൽ വിനോദ/കായിക പ്രവർത്തനങ്ങളുദ്ദേശിച്ചുള്ള സ്റ്റേഡിയങ്ങൾ, ജിംനേഷ്യങ്ങൾ, ആഡംബര സൗകര്യങ്ങൾ എന്നിവയുടെ നിർമാണം നിരോധിക്കേണ്ടതാണ്. അത്തരം കഴിഞ്ഞ സ്ഥലങ്ങളുടെ പാർപ്പിട/വാണിജ്യ സംബന്ധിയായ ഉപയോഗം അനുവദനീയമല്ല.

2. കേരളത്തിന്റെ സി. ആർ.സെഡ്

(i) കേരളത്തിലെ കായലുകളിലെ എല്ലാ തുരുത്തുകളും സി. ആർ.സെഡ് വിജ്ഞാപനത്തിൻ കീഴിൽ ഉൾക്കൊള്ളിക്കുന്നതാണ്.

(ii) എല്ലാ കായൽത്തുരുത്തുകളും, വേലിയേറ്റ രേഖയിൽ നിന്ന കരയുടെ ദിശയിലേക്കുള്ള 50 മീറ്റർ ഭാഗം സി.ആർ.സെഡ് മേഖലയായിരിക്കും.

(iii) തദ്ദേശജനസമൂഹങ്ങളുടെ വസതികൾ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ പരിധിയിൽ വരുന്നവ, പുതുക്കുകയോ പുനർനിർമിക്കുകയോ ചെയ്യാവുന്നതാണ്. പുതിയ നിർമാണങ്ങൾ അനുവദിക്കുന്നതല്ല.

(iv) വേലിയേറ്റ രേഖയിൽ നിന്ന് കരയുടെ ദിശയിൽ 50 മീറ്ററിനപ്പുറത്തേയ്ക്ക് തദ്ദേശവാസികൾക്കുള്ള പാർപ്പിടങ്ങൾ അതതു പ്രദേശത്തെ പഞ്ചായത്തിന്റെ അനുമതിയോടെ നിർമിക്കാവുന്നതാണ്.

(v) കടൽജലത്തോടു തൊട്ടുകിടക്കുന്ന തീരഭാഗത്ത് മീൻപിടുത്ത ജെട്ടി, മീനുണക്കൽ കളങ്ങൾ, വലനന്നാക്കൽ കേന്ദ്രങ്ങൾ, പരമ്പരാഗത രീതിയിലുള്ള മീൻ സംസ്കരണ സംവിധാനങ്ങൾ, ബോട്ടുനിർമാണ ശാലകൾ, ബോട്ടുനന്നാക്കല് കേന്ദ്രങ്ങൾ എന്നിവ 500 മീറ്റർ പരിധിക്കുള്ളിൽ സ്ഥാപി

ക്കാവുന്നതാണ്.

3. ഗോവയുടെ സി. ആർ.സെഡ്

ഗോവൻ സർക്കാർ ഗോവതീരത്തുടനീളമുള്ള എല്ലാ മത്സ്യബന്ധന ഗ്രാമങ്ങളുടെയും സർവേ തയാറാക്കി രേഖപ്പെടുത്തേണ്ടതാണ്. മീൻപിടുത്തത്തിനും പരമ്പരാഗത മീൻ സംസ്കരണ കേന്ദ്രങ്ങൾ, ബോട്ടുനിർമാണ/പുതുക്കൽ കേന്ദ്രങ്ങൾ, വലനന്നാക്കൽ കളങ്ങൾ, ഐസ്പ്ലാന്റുകൾ, ഐസ് സംഭരണശാലകൾ, ലേലശാലകൾ, ജെട്ടികൾ തുടങ്ങിയ അനുബന്ധ മേഖലകൾക്കും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

(ii) തദ്ദേശവാസികളുടെ കെട്ടിടങ്ങളുടെ പുനർനിർമാണവും പുതുക്കലുകളും സി. ആർ. സെഡ്-ൽ അനുവദനീയമായിരിക്കും.

(iii) ഖസാൻ കരകൾ എന്നറിയപ്പെടുന്ന, വേലിയേറ്റ ബാധിതവും പാരിസ്ഥിതികമായി ദുർബലവും ആയ താഴ്ന്ന പ്രദേശങ്ങളെ രേഖപ്പെടുത്തേണ്ടതാണ്. ഖസാൻ  കരകളിലുള്ള കണ്ടൽക്കാടുകളെ സംരക്ഷിക്കേണ്ടതും ഖസാൻ കരകൾക്കായി ഒരു പരിപാലന പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. ഖസാൻ കരയിൽ വികസന പ്രവർത്തനങ്ങൾ അനുവദിക്കാൻ പാടില്ല.

(iv) മണൽക്കുന്നുകളെയും ഉൾക്കടൽ, പാറക്കൂട്ടങ്ങൾ എന്നിവയിലൂടെയുള്ള കടൽത്തീരവിരിപ്പുകളെയും അളന്നുതിരിച്ച് രേഖപ്പെടുത്തേണ്ടതാണ്. മണൽക്കുന്നു പ്രദേശങ്ങളിൽ ഒരു വിധ വാണിജ്യ പ്രവർത്തനവും അനുവദിക്കുന്നതല്ല.

(v) മോർജിം, ഗാൾജിബ, അഗോൻസ തുടങ്ങിയ കടൽത്തീരങ്ങൾ ആമകളുടെ കൂടൊരുക്കൽ സങ്കേതങ്ങളായി വകകൊള്ളിച്ചിട്ടുള്ളതും വന്യജീവിസംരക്ഷണ നിയമം 1972 പ്രകാരം സംരക്ഷിച്ചു മുൻനിർത്തിയിട്ടുള്ളതുമാകുന്നു. ഈ പ്രദേശങ്ങൾ അളന്നു തിരിക്കുകയും ആമകളുടെ ആവാസവ്യവസ്ഥകളുടെ സംരക്ഷണാർത്ഥം പരിപാലന പ്ലാൻ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. ആമകളുടെ ഈ ആവാസയിടങ്ങളിൽ ഒരുവിധ വികസന പ്രവർത്തനങ്ങളും അനുവദിക്കുവാൻ പാടുള്ളതല്ല.

4. സുന്ദർബൻ, പാരിസ്ഥിതികമായ  പ്രാധാന്യമുള്ള മറ്റ് പ്രദേശങ്ങൾ എന്നിവിടങ്ങളിലെ സി. ആർ. സെഡ്

(a) സുന്ദർബൻ, ജൈവമേഖല മൊത്തവും ഖംബച്ച് കടലിടുക്ക്, ഗുജറാത്തിലെ കച്ച് കടലിടുക്ക്, മഹാരാഷ്ട്രയിലെ മാൽവാൻ, വസനിമനോറി, കർണാടകയിലെ അച്റാ-രത്നഗിരി, കർവാർ, കൂന്തപ്പൂർ, കേരളത്തിലെ വേമ്പനാട്, ഒറീസയിലെ ഭൈതർകനിക, ആന്ധ്രയിലെ, കൊറിംഗം, കിഴക്കൻ ഗോദാവരി, കൃഷ്ണ തുടങ്ങി പാരിസ്ഥിതികമായി പ്രധാനമെന്ന് കണ്ടെത്തി നിജപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളും അതീവഗുരുതരമാം വിധം ആപത് ഭീഷണിയുള്ള തീരമേഖലകൾ (CVCA) ആയി പ്രഖ്യാപിക്കേണ്ടതാണ്.

(b) തദ്ദേശവാസികളുടെ ആവശ്യങ്ങളായ  ചികിത്സാലയങ്ങൾ സ്കൂളുകൾ, പൊതുമഴമറകൾ, പൊതുശൗചപ്പുരകൾ, പാലങ്ങൾ, റോഡുകൾ, ജെട്ടികൾ, ജലവിതരണസംവിധാനങ്ങൾ, അഴുക്കുചാൽ സംവിധാനങ്ങൾ, മറ്റ് മലിനജലനിർഗമന ഉപാധികൾ, കടൽ നിരപ്പുയരുന്നതിന്റെ  ഭവിഷ്യത്തുകൾക്കുള്ള പ്രതിരോധങ്ങൾ തുടങ്ങിയവയുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണവും പരിപാലനവും ആധാരമാക്കി ഒരു സമഗ്രപരിപാലന പദ്ധതി, ഈ വിജ്ഞാപനം പുറത്തിറങ്ങി. ഒരു വർഷത്തിനുള്ളിൽ  തയ്യാറാക്കേണ്ടതാണ്.

(c) സുന്ദർബൻ പരിസ്ഥിതി പ്രധാനമായ മറ്റ് മേഖലകൾക്കുമായുള്ള സമഗ്ര പരിപാലന പദ്ധതി (IMP) യ്ക്ക് പരിസ്ഥിതി (സംരക്ഷണ) നിയമം 1986 അനുസരിച്ച് പൊതുജനാഭിപ്രായങ്ങൾ ശേഖരിച്ചശേഷം കേന്ദ്രമന്ത്രാലയം അനുമതിനൽകുകയും വിജ്ഞാപനം ചെയ്യുകയും ചെയ്യുന്നതായിരിക്കും.

(d) വിജ്ഞാപനം ചെയ്ത ഐ. എം. പി സമയ ബന്ധിതമായി നടപ്പിലാക്കുന്നതായിരിക്കും. അതിനായുള്ള സഹകരണങ്ങൾ, സംസ്ഥാന, കേന്ദ്ര സർക്കാരുകളിൽ നിന്ന് ലഭിക്കേണ്ടതാണ്.

(e) സമഗ്രപരിപാലന പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ച് വിജ്ഞാപനമെത്തുംവരെ ചികിത്സാലയങ്ങൾ, സ്കൂളുകൾ, പൊതുമഴമറകൾ, പൊതുശൗചപ്പുരകൾ, പാലങ്ങൾ, ജെട്ടികൾ, ജലവിതരണ സംവിധാനങ്ങൾ, അഴുക്കുചാലുകൾ തുടങ്ങി പരമ്പരാഗത നിവാസികളുടെ ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള നിർമാണ പ്രവർത്തനങ്ങൾ ഓരോന്നും, സി.സെഡ്. എം. എ യിൽ നിന്ന് ഓരോന്നിനും വെവ്വേറെ സവിശേഷാൽ അനുമതി കൈപ്പറ്റിക്കൊണ്ട് നിർവഹിക്കാവുന്നതാണ്.

(ഫയൽ നമ്പർ- IA-III)

## അനുബന്ധം 1
## തീരമേഖലാ പരിപാലന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖകൾ

### 1. A. വേലിയേറ്റരേഖ വേർതിരിക്കൽ

1. നാഷണൽ സെന്റർ ഫോർ സസ്റ്റെയ്നബിൾ കോസ്റ്റൽ സോണിന്റെ (എൻ.സി.എസ്.സി.സെഡ്) ശുപാർശയെ അടിസ്ഥാനമാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിയോഗിക്കുന്ന ഏജൻസികളിലൊന്നു വഴിയാണ് വേലിയേറ്റ രേഖ (എച്ച്.റ്റി.എൽ.)യും വേലിയിറക്ക രേഖ (എൽ.റ്റി.എൽ.) യും നിർണയിക്കേണ്ടത്.

2. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസികൾ 1:25000 തോതിൽ തയ്യാറാക്കുന്ന തീരമേഖലാ പരിപാലന (സി.സെഡ്.എം.) മാപ്പുകളിന്മേൽ വേലിയേറ്റ/വേലിയിറക്ക രേഖകൾ രേഖപ്പെടുത്തേണ്ടതാണ്.

3. സി.ആർ.സെഡ്. നിർണയത്തിന് പ്രാദേശിക സമിതികളിലെ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിലേയ്ക്കായി പ്രാദേശികതല സി.സെഡ്.എം. മാപ്പുകൾ തയ്യാറാക്കേണ്ടതാണ്. കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള സി.സെഡ്.എം. മാപ്പുകൾക്കനുസൃതമായി കെയ്ഡസ്ട്രൽ തോതിന്മേലാണ് പ്രാദേശികതല സി.സെഡ്.എം. മാപ്പുകൾ തയ്യാറാക്കേണ്ടത്.

### B. സി.സെഡ്.എം. മാപ്പ് തയ്യാറാക്കൽ

4. 1:25000 അനുപാതത്തിലുള്ള അടിസ്ഥാന ഭൂപടങ്ങൾ സർവേ ഓഫ് ഇന്ത്യയിൽ നിന്ന് കൈപ്പറ്റാവുന്നതാണ്. 1:25000 അനുപാതത്തിലെ ഭൂപടങ്ങൾ ലഭ്യമല്ലാത്തിടങ്ങളിൽ 1:50000 അനുപാതത്തിലെ മാപ്പുകളെ വിപുലീകരിച്ച് 1:25000 അനുപാതത്തിലാക്കി അടിസ്ഥാന മാപ്പുകൾ തയ്യാറാക്കിയെടുക്കാം. ഈ മാപ്പുകൾ ചുവടെ പറയുന്ന അടിസ്ഥാനങ്ങളിലായിരിക്കണം.

യൂണിറ്റ് : 7.5 മിനിറ്റ് X 7.5 മിനിറ്റ്

നമ്പരിടൽ : സർവേ ഓഫ് ഇന്ത്യയുടെ നമ്പരിടൽ സംവിധാനം

തിരശ്ചീന അടിസ്ഥാനം : എവറസ്റ്റ് അല്ലെങ്കിൽ ഡബ്ളിയു.ജി.എസ്. 84

ലംബ അടിസ്ഥാനം : ശരാശരി കടൽ നിരപ്പ് (എം.എസ്.എൽ.)

ഭൂപ്രദേശ വിവരണം : 501 മാപ്പുകളിലെ ഭൂപ്രദേശ വിവരങ്ങൾ ഏറ്റവും പുതിയ ഉപഗ്രഹ ചിത്രങ്ങൾ അല്ലെങ്കിൽ വിമാന വീക്ഷണ ചിത്രങ്ങൾ പ്രകാരം നവീകരിക്കേണ്ടതാണ്.

5. അടിസ്ഥാന ഭൂപടങ്ങളിന്മേൽ അടയാളപ്പെടുത്തിയിരിക്കുന്ന ഉയർന്ന ജലനിരപ്പ് (എച്ച്.ഡബ്ളിയു.എൽ.) താഴ്ന്ന ജലനിരപ്പ് (എൽ.ഡബ്ളിയു.എൽ) എന്നിവ സി.സെഡ്.എം. മാപ്പുകളിലേയ്ക്ക് പകർത്തേണ്ടതാണ്.

6. താഴെപറയുന്ന ഭൂഘടനാ സവിശേഷതകൾ വേലിയേറ്റ/വേലിയിറക്ക രേഖകളുടെ അടയാളപ്പെടുത്തലിൽ പരിഗണിക്കേണ്ടതാണ്.

മണൽപ്പരപ്പു നിറഞ്ഞ തീരങ്ങളിൽ കരയിലേയ്ക്കു വളഞ്ഞുള്ള മണൽത്തിട്ടകൾ, പാറകൾ, മുനമ്പുകൾ, കുന്നുകൾ, കടൽഭിത്തികൾ/ഇടഭിത്തികൾ/ചിറകൾ

7. വേലിയേറ്റ രേഖയോടനുബന്ധിച്ച് 500 മീറ്റർ രേഖകളും 200 മീറ്റർ രേഖകളും അടയാളപ്പെടുത്തേണ്ടതാണ്.

8. സി.സെഡ്.എം. മാപ്പുകളിൽ, വേലിയേറ്റ ബാധിത ഉൾനാടൻ ജലാശയങ്ങളുടെ തീരങ്ങൾ വഴി ഭൂഘടനാ അടയാളങ്ങളുടെ പ്രത്യേകതകളുടെ സഹായത്തോടെ വേലിയേറ്റരേഖ (സി.ആർ.സെഡ്.

വിജ്ഞാപനത്തിൽ പറയുന്ന പ്രകാരമുള്ള)യും വേലിയിറക്ക രേഖയും രേഖപ്പെടുത്തേണ്ടതാണ്.

9. സി.ആർ.സെഡ്. വിജ്ഞാപന പ്രകാരം വ്യത്യസ്ത തീരമേഖലകളുടെ തരംതിരിക്കൽ നടത്തേണ്ട താണ്.

10. സ്ഥിതിവിവരങ്ങൾ തരം തിരിക്കുന്നതിന് അടിസ്ഥാന ദേശീയ/അന്തർദേശീയ വർണ സൂചക ങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## C. പ്രാദേശിക തല സി.സെഡ്.എം. മാപ്പുകൾ.

പ്രാദേശികതല സി.സെഡ്.എം. മാപ്പുകൾ, തീരമേഖലാ പരിപാലന പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി പ്രാദേശിക സമിതികളുടെയും മറ്റ് ഏജൻസികളുടെയും ഉപയോഗത്തി ലേയ്ക്കുദ്ദേശിച്ചുള്ളവയാണ്.

11. 1:3960 അനുപാതത്തിലോ അതിനടുത്ത അനുപാതത്തിലോ ഉള്ള കെയ്ഡസ്ട്രൽ (ഗ്രാമ) ഭൂപട ങ്ങൾ അടിസ്ഥാന ഭൂപടങ്ങളായി ഉപയോഗിക്കേണ്ടതാണ്.

12. ഈ മാപ്പുകൾ റവന്യൂ അധികൃതരുടെ പക്കൽ നിന്ന് ലഭ്യമാകുന്നവയും അടിസ്ഥാന മാനദണ്ഡ ങ്ങൾ പ്രകാരം തയ്യാറാക്കുന്നവയുമാണ്.

13. കേന്ദ്രസർക്കാർ അംഗീകാരം നൽകിയ സി.സെഡ്.എം. മാപ്പുകളനുസരിച്ചുള്ള തീരഭൂഘടനാ അട യാളങ്ങളോ പ്രത്യേകതകലോ ഉപയോഗിച്ചുള്ള വിശദമായ ബാഹ്യ പരിശോധനകളെ ആധാരമായി കെയ്ഡസ്ട്രൽ മാപ്പുകളിൽ വേലിയേറ്റ രേഖ (സി.ആർ.സെഡ്. വിജ്ഞാപനത്തിൽ പറയുന്ന പ്രകാരം)യും വേലിയിറക്ക രേഖയും രേഖപ്പെടുത്തേണ്ടതാണ്.

14. ഇപ്രകാരം അടയാളപ്പെടുത്തുന്ന വേലിയേറ്റ രേഖയോടനുബന്ധിച്ച് 500 മീറ്റർ രേഖകളും 200 മീറ്റർ രേഖകളും അടയാളപ്പെടുത്തേണ്ടതാണ്.

15. ജിയോ മോർഫോളജിക്കൽ സിഗ്നച്ചർ/ഫീച്ചറിന്റെ സഹായത്തോടെ വേലിയേറ്റ ബാധിത ഉൾനാ ടൻ ജലാശയങ്ങളുടെ തീരങ്ങളിലുടനീളം വേലിയേറ്റ രേഖ (സി.ആർ.സെഡ്. വിജ്ഞാപനം, 1991 ൽ നിർവചിക്കും പ്രകാരമുള്ള)യും വേലിയിറക്ക രേഖയും അടയാളപ്പെടുത്തേണ്ടതാണ്.

16. തരംതിരിക്കലുകൾ സി.സെഡ്.എം. മാപ്പുകളിൽ നിന്ന് പ്രാദേശികതല സി.സെഡ്.എം. മാപ്പുകളി ലേയ്ക്ക് പകർത്തേണ്ടതാണ്.

17. സി.സെഡ്.എം. മാപ്പുകളിലെ ചിഹ്നങ്ങൾ സ്വീകരിക്കേണ്ടതാണ്.

18. സി.സെഡ്.എം. മാപ്പുകളിൽ കൊടുത്തിട്ടുള്ള വർണ സൂചകങ്ങൾ ഉപയോഗിക്കേണ്ടതാണ്.

19. കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള പ്രാദേശിക ഏജൻസികൾ വഴി കെയ്ഡസ്ട്രൽ ഭൂപടങ്ങളുടെ ഡീമാർക്കേഷൻ നടത്തേണ്ടതാണ്. ബന്ധപ്പെട്ട സംസ്ഥാന/കേന്ദ്രഭരണ തീരമേഖലാ പരിപാലന അധികൃതരുടെ മാർഗനിർദേശങ്ങൾ പ്രകാരമാണ് പ്രാദേശിക ഏജൻസികൾ പ്രവർത്തിക്കേണ്ടത്.

## D. അപായരേഖ അടയാളപ്പെടുത്തൽ

## II. സി.ആർ.സെഡ്. പ്രദേശങ്ങൾ തരംതിരിക്കൽ

1. സി.ആർ.സെഡ് I, II, III, IV,V എന്നിവ നിജപ്പെടുത്തിയിട്ടുള്ള സി.ആർ.സെഡ് വിജ്ഞാപനം, ഖണ്ഡിക 5 പ്രകാരമായിരിക്കണം സി.സെഡ്.എം. മാപ്പുകൾ തയ്യാറാക്കേണ്ടത്.

2. സി.സെഡ്.എം. മാപ്പുകൾ അതതുപ്രദേശത്തെ കരയുപയോഗ പ്ലാൻ വ്യക്തമായി നിജപ്പെടുത്തു കയും സി.ആർ.സെഡ്.-1 മേഖലകൾ പട്ടികയിൽ ചേർക്കുകയും വേണം. ഖണ്ഡിക 7 (1) എ, ബി എന്നിവയിൽ ചേർത്തിട്ടുള്ള എല്ലാ സി.ആർ.സെഡ് -1 മേഖലകളും വ്യക്തമായി നിജപ്പെടുത്തേ

ണ്ടതും ഓരോ സി.ആർ.സെഡ്-1 മേഖലയെയും കൃത്യമായി തിരിച്ചറിയാനൊക്കും വിധം വർണ സൂചകങ്ങൾ ഉപയോഗിക്കുകയും വേണം.

3. 10,1000 ചതുരശ്രമീറ്ററിലധികം വിസ്തൃതി വരുന്ന കണ്ടൽ പ്രദേശങ്ങളോടനുബന്ധിച്ചിട്ടുള്ള കരുതൽ മേഖലയെ കണ്ടൽ പ്രദേശത്തിൽ നിന്ന് തിരിച്ചറിയാവുന്ന വിധം മാപ്പിൽ വ്യത്യസ്ത നിറത്തിൽ അടയാളപ്പെടുത്തേണ്ടതാണ്. ഈ കരുതൽ മേഖലയും സി.ആർ.സെഡ്-1 മേഖലയാക്കി തരം തിരിക്കേണ്ടതാണ്.

4. കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയം രേഖപ്പെടുത്തുന്നതായ അപായരേഖ കെയ്ഡസ്ട്രൽ മാപ്പുകളിലും സി.സെഡ്.എം. മാപ്പുകളിലും 1:25000 അനുപാതത്തിൽ പതിപ്പിക്കേണ്ടതാണ്.

5. മൊത്തം പ്ലോട്ട് വിസ്തൃതിയുടെ 50%ത്തിലേറെ ഭാഗത്ത് വിപുലമായ നിർമാണങ്ങൾ നടത്തിയിട്ടുള്ള പ്രദേശങ്ങളെയാണ് സി.ആർ.സെഡ്-II മേഖല എന്ന് പറയുക. ഈ മേഖലകൾ ഖണ്ഡിക 7 (2) ലെ മാനദണ്ഡങ്ങളിലുൾപ്പെടുന്നവയുമായിരിക്കും.

6. സി.ആർ.സെഡ് III മേഖലയിൽ വരുന്ന മത്സ്യബന്ധന ഗ്രാമങ്ങൾ, മത്സ്യത്തൊഴിലാളികളുടെ പൊതുവസ്തുവകകൾ, മത്സ്യബന്ധന കടവുകൾ, മത്സ്യ ഉണക്കൽത്തട്ടുകൾ, കളങ്ങൾ എന്നിവയും തദ്ദേശവാസികൾക്കു വേണ്ടിവരുന്ന അടിസ്ഥാന സൗകര്യങ്ങളായ ചികിത്സാലയങ്ങൾ, റോഡുകൾ, സ്കൂളുകൾ തുടങ്ങിയവയും കെയ്ഡസ്ട്രൽ മാപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

7. സി.ആർ.സെഡ് IV- ലെ ജലമേഖലകൾ അടയാളപ്പെടുത്തേണ്ടതും, ഈ സഞ്ചയം കടലോ, കായലോ, തടാകമോ, ഉൾക്കടലോ, ചെറിയ പ്രവാഹങ്ങളോ എന്ന് വ്യക്തമായി കാണിക്കേണ്ടതുമാണ്. ജലാശയങ്ങളുടെ ഈ ഇനംതിരിക്കലുകൾക്ക് നാവിക ഹൈഡ്രോഗ്രാഫിക് കാര്യാലയത്തിന്റെ പദാവലികൾ അവലംബിക്കേണ്ടതാണ്.

8. ജലാശയങ്ങളിലെ മത്സ്യമേഖലകളും മത്സ്യ പ്രത്യുൽപാദന മേഖലകളും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

9. ജലത്തിന്റെ ഗുണനിലവാരത്തിന്മേൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുപാതങ്ങൾ വച്ചുള്ള മലിനീകരണയളവുകൾ സൂചിപ്പിച്ചുകൊണ്ടു വേണം ജലമേഖലകൾ നിജപ്പെടുത്തുവാൻ.

10. സി. ആർ. സെഡ്- V മേഖലയിൽ വരുന്ന ഭൂവിനിയോഗ മാപ്പുകൾ II, III, IV മേഖലകൾ വ്യക്തമായി കാണിച്ച് സി. സെഡ്. എം. പി. കളിൽ പതിപ്പിക്കണം. കടൽ ദിശയിലുള്ള ഭാഗത്ത് നിലവിലുള്ള അംഗീകൃത വികസനങ്ങൾ വ്യക്തമായി രേഖപ്പെടുത്തുകയും വേണം.

11. ചുഴലിക്കെടുതികളിൽ നിന്നുള്ള രക്ഷാകേന്ദ്രങ്ങൾ, മഴമറകൾ, ഹെലിപാഡുകൾ, റോഡ് ശൃംഖലകളുൾപ്പെട്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾ കൊടുങ്കാറ്റിന്റെയോ സുനാമിയുടെയോ സന്ദർഭങ്ങളിലെ രക്ഷാ/ആശ്വാസ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യത്തിലേക്കായി, സി. സെഡ്. എം മാപ്പുകളിൽ വ്യക്തമായി സൂചിപ്പിക്കേണ്ടതുണ്ട്.

III. തീരദേശപരിപാലന പദ്ധതികൾ പുനഃപരിശോധിക്കൽ.

1. ബന്ധപ്പെട്ട സംസ്ഥാന/കേന്ദ്രഭരണ തീരമേഖലാ പരിപാലന അധികൃതർക്ക് എന്തെങ്കിലും സന്ദേഹങ്ങൾ നിലനിൽക്കുന്ന പക്ഷം പ്രസ്തുത സംഗതി നാഷണൽ സെന്റർ ഫോർ സസ്റ്റെയിനബിൾ കോസ്റ്റൽ സോണിനെ അറിയിക്കേണ്ടതും ഏറ്റവും ഒടുവിൽ കിട്ടിയ ഉപഗ്രഹചിത്രങ്ങളും ഭൂതല വിലയിരുത്തലുകളും ആധാരമാക്കി അവർ സി.സെഡ്. എം. പി പരിശോധിക്കേണ്ടതുമാണ്. തിരുത്തൽ വരുത്തിയ മാപ്പ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്, അതിന്റെ രേഖാസൂക്ഷിപ്പിലേക്കായി സമർപ്പിക്കേണ്ടതാണ്.

2. തീരത്തിന്റെ നിശ്ചലനാത്മക പ്രകാരം കണക്കിലെടുത്ത് സി. സെഡ്. എം. മാപ്പുകൾ അഞ്ചുവർഷ ത്തിലൊരിക്കൽ പുതുക്കേണ്ടതാണ്.

IV. സി. സെഡ്. എം. പി കളിന്മേലുള്ള പൊതുകാഴ്ചപ്പാടുകൾ

(a) തയ്യാറാക്കിയ കരട് സി.സെഡ്. എം. പി. കൾക്ക് വിപുലമായ പ്രചാരണം നൽകുകയും ഇ. പി. എ 1986 അനുസരിച്ച് നിർദേശങ്ങളും എതിർപ്പുകളും സ്വീകരിക്കുകയും വേണം.

(b) കൈപ്പറ്റിയ നിർദേശങ്ങളും എതിർപ്പുകളും അടിസ്ഥാനമാക്കി സി. സെഡ്. എം. പി പുന രാവിഷ് കരിക്കുകയും കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടുകയും വേണം.

(c) അനുമതി ലഭ്യമായ സി.സെഡ്. എം. പി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബന്ധപ്പെട്ട സംസ്ഥാനത്തെയോ കേന്ദ്രഭരണ പ്രദേശത്തെയോ സി. സെഡ്. എം. എയുടെ വെബ്സൈ റ്റിലും ചേർക്കേണ്ടതും, പഞ്ചായത്ത് ഓഫീസ് ജില്ലാ കളക്ട്രേറ്റ് എന്നിവിടങ്ങളിൽ കടലാസുപ്രതി കൾ ലഭ്യമാക്കുകയും വേണം.

**അനുബന്ധം - II**

( ഖണ്ഡിക 3, ഉപഖണ്ഡിക 3 (ii) (b) എന്നിവ കാണുക)

എസ്. പി. സി. സെഡ്.-I (1) ഒഴികെയുള്ള എസ്. പി. സി. സെഡിൽ സംഭരണത്തിന് അനുമതിയുള്ള പെട്രോളിയം, ഉൽപ്പനങ്ങളുടെയും രാസോൽപ്പന്നങ്ങളുടെയും പട്ടിക:-

(i) ക്രൂഡ് ഓയിൽ

(ii) ദ്രവീകരിച്ച പെട്രോളിയം വാതകം

(iii) മോട്ടോർ സ്പിരിറ്റ്

(iv) മണ്ണെണ്ണ

(v) ജൈവമാനിക ഇന്ധനം

(vi) ഡീസൽ

(vii) ലൂബ്രിക്കേറ്റിങ്ങ് ഓയിൽ

(viii) ബ്യൂട്ടെയ്ൻ

(xi) നാഫ്ത

(xii) ഫർണസ് ഓയിൽ

(xiii) ലോ സൾഫർ ഹെവി സ്റ്റോക്ക്

(xiv) ദ്രവീകരിച്ച പ്രകൃതിവാതകം

(xv) രാസവളങ്ങളും രാസവളനിർമിതിക്കുള്ള അസംസ്കൃതവസ്തുക്കളും.

## അനുബന്ധം III

**വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയോടെ ടൂറിസ്റ്റുകളെയും സന്ദർശകരെയും എസ്. പി. സി. സെഡ് III, എസ്. പി. സി. സെഡ് II എന്നിങ്ങനെ തരം തിരിച്ചിരിക്കുന്ന മേഖല കളിൽ താൽക്കാലികമായി താമസിപ്പിക്കുന്നതിന് ബീച്ച് റിസോർട്ടുകളും ഹോട്ടലുകളും വികസി പ്പിക്കുന്നതിനുള്ള മാർഗരേഖ.**

1. വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയോടെ ടൂറിസ്റ്റുകളെയും സന്ദർശകരെ യും എസ്. പി. സി. സെഡ് III, എസ്. പി. സി. സെഡ് II മേഖലകളിൽ താൽക്കാലികമായി താമ സിപ്പിക്കുന്നതിന് ഹോട്ടലുകളും ബീച്ച് റിസോർട്ടുകളും നിർമിക്കുന്നത് ചുവടെ പറയുന്ന നിബ ന്ധനകൾക്കു വിധേയമായിട്ടായിരിക്കണം.

(a) ആപൽ സാധ്യതാ രേഖയുടെ കടലിനഭിമുഖമായ ദിശയിലോ വേലിയേറ്റ രേഖയ്ക്കും വേലി യിറക്ക രേഖയ്ക്കു മധ്യേയോ പദ്ധതിക്കുള്ള അപേക്ഷകൻ ഒരു തരത്തിലുള്ള നിർമാണ പ്രവർത്തനവും ഏറ്റെടുത്തുകൂടാ.

(b) അതതു പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും മൊത്തത്തിലുള്ള തീരമേഖ ലാ പരിപാലന പദ്ധതികളും (സി. സെഡ്. എം. പി) കണക്കിലെടുത്തശേഷം കേന്ദ്രഗവ ൺമെന്റായിരിക്കും നിർമാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുക. ഇതിനു പിന്നിലുള്ള കാരണങ്ങൾ രേഖാമൂലം തയാറാക്കുകയും ചെയ്യും. അതതുസമയത്ത് യുക്തമെന്നു തോന്നുന്ന ഉപാധികളും നിയന്ത്രണങ്ങളും സഹിതമായിരിക്കും അനുമതി നൽകുന്നത്.

(c) സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിക്കുചുറ്റിലുമായി ജൈവവേലിയോ വള്ളിച്ചെടികൾ വള ർത്തിക്കയറ്റിയ മുള്ളുകമ്പിവേലികളോ അനുവദിക്കുമെങ്കിലും ഇത്തരം വേലികൾ കടൽത്തീ രത്തേക്ക് സുഗമമായി കടന്നുചെല്ലാൻ പൊതുജനങ്ങൾക്കുള്ള അവകാശത്തെ തടയുന്നതാ കാൻ പാടില്ല.

(d) ഒരു കാരണവശാലും മണൽത്തിട്ടകൾ നിരപ്പാക്കാൻ അനുവദിക്കുകയില്ല.

(e) ഗോൾ പോസ്റ്റ്, നെറ്റ് പോസ്റ്റ്, വിളക്കുകാലുകൾ എന്നിവ ഒഴികെ കായികവിനോദങ്ങൾക്കാ വശ്യമായ സ്ഥിരസ്വഭാവമുള്ള നിർമിതികൾ അനുവദിക്കുകയില്ല.

(f) ഏതെങ്കിലും തരത്തിലുള്ള നിർമിതിമൂലം ഒരു പ്രദേശത്തെ ഭൂഗർഭജലത്തിന്റെ ഒഴുക്കുതടസ്സ പ്പെടുകയില്ല എന്നു വ്യക്തമാക്കിക്കൊണ്ട് സംസ്ഥാനഗ്രൗണ്ട് വാട്ടർ അധികൃതരുടെ പക്കൽ നിന്നുള്ളതോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ഭൂഗർഭ നിലയുടെ നിർമി തിക്ക് അനുമതി നൽകൂ. ഇത്തരം നോഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ആയതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ചിരിക്കുന്ന മാർഗരേഖകൾ സംസ്ഥാന ഗ്രൗണ്ട് വാട്ടർ അധികൃതർ കണക്കിലെടുക്കേണ്ടതാണ്.

(g) വികസന നിരോധിത മേഖലയിൽ ഒരു തരത്തിലുള്ള നിർമാണ പ്രവർത്തനങ്ങളും അനുവ ദിച്ചിട്ടില്ലെങ്കിലും തറ വിസ്തൃതി സൂചകം കണക്കാക്കുമ്പോൾ പ്ലോട്ടിന്റെ ഒരു ഭാഗം വിക സന നിരോധിത മേഖലയിലാണ് ഉൾപ്പെടുന്നതെങ്കിൽ ആ ഭാഗത്തിന്റെ അളവു കൂട്ടി കണ ക്കിലെടുക്കേണ്ടതാണ്.

(h) ഓരോ പ്ലോട്ടിന്റെയും മൊത്തം വലുപ്പം 0.4 ഹെക്ടറിൽ കുറയാൻ പാടില്ലാത്തതും അതിൽ നടത്തിയ നിർമിതികളുടെ വിസ്തീർണം എല്ലാ നിലകളിലുമായി പ്ലോട്ട് വിസ്തൃതിയുടെ 33 ശതമാനത്തിൽ കവിയാതെയുമായിരിക്കണം. അതായത് തറവിസ്തൃതി സൂചകം ഒരു കാര ണവശാലും 0.33 കവിയരുത്. നിർമിതികൾ നടത്തിയതിനു ശേഷമുള്ള സ്ഥലം ഉചിതമായ രീതിയിൽ ചെടികൾ വളർത്തി സുന്ദരമാക്കാവുന്നതാണ്.

(i) ചുറ്റുപാടുമുള്ള ഭൂപ്രകൃതിക്കും പ്രാദേശികമായ വസ്തു ശില്പശൈലിക്കും ഇണങ്ങുന്നതായിരിക്കണം നിർമാണ പ്രവർത്തനങ്ങൾ.

(j) മേൽക്കൂരയുടെ ഏറ്റവും കൂർത്ത ഉയർന്ന ഭാഗം വരെ നിർമിതികളുടെ ഉയരം പരമാവധി ഒമ്പതു മീറ്ററായിരിക്കണം. ഭൂനിരപ്പിലെ നിലയും അതിനുമേൽ ഒരു നിലയും എന്നിങ്ങനെ പരമാവധി രണ്ടു നിലകളിലായിരിക്കണം കെട്ടിടങ്ങൾക്കുണ്ടായിരിക്കേണ്ടത്.

(k) വേലിയേറ്റ രേഖയുടെ 200 മീറ്ററിനുള്ളിൽ ഭൂഗർഭജലം ശേഖരിക്കാനേ പാടില്ല. 200–500 മീറ്റർ പരിധിക്കുള്ളിൽ കേന്ദ്ര-സംസ്ഥാന ഭൂഗർഭജല ബോർഡുകളുടെ അനുമതിയോടെ മാത്രമേ ഭൂഗർഭജലം ശേഖരിക്കാവൂ.

(l) കെട്ടിടങ്ങളുടെ അടിത്തറ, നീന്തൽക്കുളം എന്നിവ നിർമിക്കാനല്ലാതെ മറ്റു യാതൊരു പ്രവർത്തനത്തിനും വേലിയേറ്റ രേഖയുടെ 500 മീറ്ററിനുള്ളിൽ മണലൂറ്റ്, നിരപ്പാക്കൽ, കുഴിക്കൽ എന്നിവ അനുവദിക്കുന്നതല്ല.

(m) പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട സംസ്കരിച്ച മാലിന്യങ്ങൾ, ഖര മാലിന്യങ്ങൾ, പുറന്തള്ളുന്ന പുക, ശബ്ദം തുടങ്ങിയവ കേന്ദ്ര/സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ ഉൾപ്പെടെയുള്ള അധികൃതസ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന തോതുമായി പൊരുത്തപ്പെടുന്നതും പരിസ്ഥിതി (സംരക്ഷണം) നിയമം 1986-നു വിധേയമായിരിക്കണം.

(n) പാഴ്വസ്തുക്കളുടെയും ഖരമാലിന്യങ്ങളുടെയും സംസ്കരണത്തിന് അവശ്യം വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം. സംസ്കരിക്കാത്ത പാഴ്വസ്തുക്കളോ ഖരമാലിന്യങ്ങളോ ഒരു കാരണവശാലും തീരത്തോ വെള്ളത്തിലോ പുറന്തള്ളപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്തണം.

(o) പൊതുജനങ്ങൾക്ക് കടൽത്തീരത്തേക്ക് പ്രവേശിക്കുന്നതിന് രണ്ടു ഹോട്ടലുകൾക്ക്/റിസോർട്ടുകൾക്ക് മധ്യേ ചുരുങ്ങിയത് 20 മീറ്റർ വീതിയിൽ ഇടനാഴി അനുവദിക്കണം. ഇത്തരം രണ്ട് ഇടനാഴികൾ തമ്മിൽ 500 മീറ്ററിലധികം അകലാൻ പാടില്ല.

(p) പദ്ധതിയുടെ ഭാഗമായി വനഭൂമിയെ വനേതരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന് വനം (സംരക്ഷണം) നിയമം 1980 പ്രകാരമുള്ള അനുമതി സമ്പാദിക്കേണ്ടതാണ്. കേന്ദ്ര, സംസ്ഥാന തലങ്ങളിലുമുള്ള മറ്റേതെങ്കിലും നിയമം പദ്ധതിക്കു ബാധകമാണെങ്കിൽ അവയും പരിഗണിക്കേണ്ടിയിരിക്കുന്നു.

(q) സംസ്ഥാന/കേന്ദ്ര ഭരണപ്രദേശത്തെ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ അനുമതി സമ്പാദിക്കേണ്ടതാണ്.

II പാരിസ്ഥിതികമായ ദുർബലമായ പ്രദേശങ്ങളിൽ (ഉദാ: സമുദ്ര ജീവിസങ്കേതങ്ങൾ, കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകൾ, മീനുകളുടെ മുട്ടയിടൽ സങ്കേതങ്ങൾ, വന്യജീവി സങ്കേതങ്ങൾ, കേന്ദ്രം/സംസ്ഥാനം/കേന്ദ്ര ഭരണ പ്രദേശം നിഷ്കർഷിക്കുന്ന ഇതര ഭാഗങ്ങൾ) ബീച്ച് റിസോർട്ടുകൾ/ഹോട്ടലുകൾ എന്നിവ നിർമിക്കാൻ അനുവദിക്കില്ല.

**അനുബന്ധം IV**

**ഫോറം I സി. ആർ. സെഡ് വിജ്ഞാപനം ബാധകമായ പദ്ധതികൾക്ക് അനുമതി തേടുന്നതിന്.**

അടിസ്ഥാന വിവരം :

പദ്ധതിയുടെ പേര് :

ഉദ്ദേശിക്കുന്ന സ്ഥലം/ ബദൽ സ്ഥലം :

പദ്ധതിയുടെ വിസ്തൃതി (മൊത്തം സ്ഥല വിസ്തൃതി) :

പ്രദേശത്തിന്റെ സി.ആർ,സെഡ് തരംതിരിവ്:

മതിപ്പുചെലവ് :

ബന്ധപ്പെടുന്നതിനുള്ള വിവരം :

II പ്രവർത്തനം

1. ആ പ്രദേശത്തിന് പദ്ധതിയുടെ നിർമാണം, പ്രവർത്തനം, അഴിച്ചുമാറ്റൽ എന്നിവ മൂലമുണ്ടാകുന്ന ഭൗതികമായ മാറ്റങ്ങൾ (ഭൂഘടന ഭൂവിനിയോഗം, ജലശേഖരങ്ങൾക്കുണ്ടാകുന്ന മാറ്റം)

| ക്രമ നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ, അവയുടെ സ്രോതസ് (മതിപ്പു നിരക്ക്, അളവ് തുടങ്ങിയവ) |
|---|---|---|---|
| 1.1. | ഭൂവിനിയോഗം, ഭൂഘടന, ഭൂസ്വഭാവം, ഭൂവിനിയോഗ സാന്ദ്രതാ വർധന തുടങ്ങി പദ്ധതിമൂലമുണ്ടാകുന്ന സ്ഥിരവും താൽക്കാലികവുമായ മാറ്റങ്ങൾ (പ്രാദേശികമായ ഭൂവിനിയോ സ്വഭാവവുമായി താരതമ്യത്തിൽ) | | |
| 1.2 | അംഗീകൃത തീരമേഖലാ പരിപാലന പദ്ധതി പ്രകാരം സി.ആർ.സെഡ് തരം തിരിവ് സംബന്ധമായ വിവരങ്ങൾ. | | |
| 1.3 | സി.ആർ.സെഡ്.ഐ പ്രദേശത്താണോ | | |
| 1.4 | സി. ആർ.സെഡ്. ഐ പ്രദേശത്തുനിന്നുള്ള അകലം | | |
| 1.5 | വനം-പരിസ്ഥിതി മന്ത്രാലയം നിർദേശിച്ചിരിക്കുന്ന ആപൽ സാധ്യതാ പ്രദേശത്താണോ പദ്ധതി. | | |
| 1.6. | ചുഴലിക്കാറ്റ്, സുനാമി, ഭ്രാന്തൻ തിരകൾ, ഭൂചലനം എന്നിവയ്ക്ക് പദ്ധതി പ്രദേശത്തു സാധ്യതയുണ്ടോ. | | |
| 1.7 | ഒരു വെള്ളക്കയറ്റത്തിനു സാധ്യതയുണ്ടോ | | |
| 1.8 | നിലവിലുള്ള ഭൂമി, കൃഷി, കെട്ടിടങ്ങള് എന്നിവയ്ക്ക് അനുമതിയുണ്ടോ. | | |
| 1.9 | പുതിയ ഭൂവിനിയോഗം ആവശ്യമാണോ | | |
| 1.10 | ബോർഹോൾ, മണ്ണുപരിശോധന തുടങ്ങി നിർമാണ പൂർവപരിശോധനകൾ ആവശ്യമാണോ. | | |

| | | | |
|---|---|---|---|
| 1.11 | നിർമാണ മേഖലകൾ | | |
| 1.12 | കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്നത് | | |
| 1.13 | നിർമാണാവശ്യങ്ങൾക്കോ തൊഴിലാളികളുടെ താമസത്തിനോ താലിക്കാലിക നിർമിതികൾ ആവശ്യമായി വന്നോ | | |
| 1.14 | ഭൂനിരപ്പിനു മുകളിലുള്ള കെട്ടിടങ്ങൾ, മൺവേലകൾ തുടങ്ങിയവ | | |
| 1.15 | ടണൽ നിർമാണം, ഖനനം തുടങ്ങി ഭൂനിരപ്പിനു താഴെയുള്ള ജോലികൾ. | | |
| 1.16 | ഭൂനികത്തൽ വേലകൾ? | | |
| 1.17 | മണ്ണെടുക്കൽ, നികത്തൽ, നിരപ്പാക്കൽ, കുഴിച്ചെടുത്ത വസ്തുക്കൾ പുറന്തള്ളൽ? | | |
| 1.18 | തീരം വിട്ടുള്ള നിർമിതികൾ? | | |
| 1.19 | ഉൽപാദന, ഉൽപ്പന്ന നിർമാണ പ്രവർത്തനങ്ങൾ? | | |
| 1.20 | വസ്തുക്കളുടെ സൂക്ഷിപ്പ് എന്തെങ്കിലും? | | |
| 1.21 | ഖരമാലിന്യങ്ങളുടെയും ദ്രാവകമാലിന്യങ്ങളുടെയും സംസ്കരണത്തിനു വേണ്ട സൗകര്യങ്ങൾ? | | |
| 1.22 | പദ്ധതി തൊഴിലാളികളുടെ താമസത്തിനു ദീർഘകാല ഭവന പദ്ധതികൾ? | | |
| 1.23 | നിർമാണ ഘട്ടത്തിലോ പിന്നീടോ പുതിയ റോഡ്, റെയിൽ, സമുദ്രപാത നിർമാണം? | | |
| 1.24 | പുതിയ റോഡ്, റെയിൽ, വായു, ജല-അല്ലെങ്കിൽ മറ്റേതെങ്കിലും ഗതാഗതത്തിനുള്ള അടിസ്ഥാന സൗകര്യനിർമാണമോ തുറമുഖ, വിമാനത്താവള നിർമാണമോ? | | |
| 1.25 | നിലവിലുള്ള ഏതെങ്കിലും ഗതാഗത പാത അടച്ചുപൂട്ടുകയോ ദിശമാറ്റുകയോ ചെയ്യുന്നുണ്ടോ. | | |
| 1.26 | പുതിയതോ ദിശമാറ്റിയതോ ആയ സംസ്ഥാന കുഴലുകൾ പൈപ്പ് ലൈനുകൾ | | |
| 1.27 | ഡാം, കലുങ്ക് നിർമാണം തുടങ്ങി ജലശാസ്ത്ര പരമായ ഇടപെടലുകളോ ഭൂഗർഭജലശേഖരത്തിനുണ്ടാകുന്ന മാറ്റങ്ങളോ? | | |
| 1.28 | നദിയോ പുഴയോ കുറുകെ കടക്കുന്നുണ്ടോ? | | |
| 1.29 | ഭൂഗർഭജലത്തെ ഉപരിജലമാക്കി മാറ്റുന്നതുപോലെയുള്ള മാറ്റങ്ങൾ എന്തെങ്കിലും? | | |
| 1.30 | മലിനജല സഞ്ചാരത്തെയോ ജലനിർഗമനത്തെയോ തടസ്സപ്പെടുത്തുന്ന പ്രവർത്തനങ്ങൾ എന്തെങ്കിലും? | | |
| 1.31 | നിർമാണം, പ്രവർത്തനം, അഴിച്ചുകൊണ്ടുപോകൽ എന്നിവയ്ക്കായി വ്യക്തികളെയോ വസ്തുക്കളെയോ കൊണ്ടുപോകേണ്ടതായി വരുന്നുണ്ടോ? | | |

| | | | |
|---|---|---|---|
| 1.32 | പൊളിക്കൽ, അഴിച്ചുകൊണ്ടുപോകൽ എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടി വരുന്നുണ്ടോ? | | |
| 1.33 | അഴിച്ചുകൊണ്ടുപോകൽ ജോലിക്കിടെ പാരിസ്ഥിതിക പ്രത്യാഘാതമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ എന്തെങ്കിലും? | | |
| 1.34 | സ്ഥിരമോ താൽക്കാലികമോ ആയി കൂടുതൽ വ്യക്തികളെ ഇറക്കേണ്ടിവരുന്നുണ്ടോ? | | |
| 1.35 | അപരിചിതമായ ജീവിവർഗങ്ങളെ കൊണ്ടു വരേണ്ടിവരുന്നുണ്ടോ? | | |
| 1.36 | തദ്ദേശീയ ജീവിവർഗങ്ങൾക്കോ ജൈവ വൈവിധ്യത്തിനോ ഭീഷണിയുണ്ടോ? | | |
| 1.37 | മറ്റേതെങ്കിലും പ്രവർത്തനങ്ങൾ? | | |

2. പദ്ധതിയുടെ നിർമാണത്തിനും നടത്തിപ്പിനും പ്രകൃതി വിഭവങ്ങളുടെ ഉപയോഗം (ഭൂമി, വെള്ളം, വസ്തുക്കൾ, ഊർജം പുനരുജ്ജീവനക്ഷമമല്ലാത്തതോ കുറഞ്ഞ തോതിൽ മാത്രം ലഭ്യമായതോ ആയ വിഭവങ്ങൾ)

| ക്രമ നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ, അവയുടെ സ്രോതസ് (മതിപ്പു നിരക്ക്, അളവ് തുടങ്ങിയവ) |
|---|---|---|---|
| 2.1 | ഭൂമി, പ്രത്യേകിച്ച് സ്രോതസ്, അതിനെ ആശ്രയിക്കുന്ന മറ്റുള്ളവർ) ഏകകം: കെ. എൽ.ഡി | | |
| 2.3 | മൂലകങ്ങൾ (M.T) | | |
| 2.4 | നിർമാണ സാമഗ്രികൾ- കല്ല്, കൂട്ടുവസ്തുക്കൾ, മണ്ണ്/മണൽ (പ്രതീക്ഷിക്കുന്ന സ്രോതസ്- M.T) | | |
| 2.5 | വനം, തടി (സ്രോതസ്- M.T) | | |
| 2.6 | വൈദ്യുതിയും ഇന്ധനവുമുൾപ്പെടെ ഊർദം (സ്രോതസ്, അതിനെ ആശ്രയിക്കുന്ന മറ്റുള്ളവർ) ഏകകം: ഇന്ധനം (M.T) ഊർജം (M.W) | | |
| 2.7 | മറ്റേതെങ്കിലും പ്രകൃതിവിഭവം (ഉചിതമായ സ്റ്റാൻഡാർഡ് ഏകകങ്ങൾ ഉപയോഗിക്കുക) | | |

3. മനുഷ്യരുടെ ആരോഗ്യത്തിനോ പരിസ്ഥിതിക്കോ ഭീഷണിയുയർത്തുകയോ അപായകരമെന്നു കരുതപ്പെടുന്നതോ ആയ വസ്തുക്കൾ, പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം, സൂക്ഷിപ്പ്, കൈകാര്യം ചെയ്യൽ, ഉൽപാദനം

| ക്രമ നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ, അവയുടെ സ്രോതസ് (മതിപ്പു നിരക്ക്, അളവ് തുടങ്ങിയവ) |
|---|---|---|---|
| 3.1 | (എം.എസ്. ഐ. എച്ച്. സി നിയമപ്രകാരം) മനുഷ്യരുടെ ആരോഗ്യത്തിനോ (സസ്യങ്ങൾ, ജീവജാലങ്ങൾ, വെള്ളം എന്നിങ്ങനെ) പരിസ്ഥിതിക്കോ ആപൽക്കരമായ വസ്തുക്കളുടെയും പദാർത്ഥങ്ങളുടെയും ഉപയോഗം. | | |
| 3.2 | രോഗകാരണങ്ങളിലോ രോഗകാരകങ്ങളിലോ (ഉദാ: ഷഡ്പദങ്ങൾ, ജലജന്യരോഗങ്ങൾ) മാറ്റങ്ങളുണ്ടാക്കുന്നുണ്ടോ. | | |
| 3.3 | പൊതുജനക്ഷേമത്തെ ബാധിക്കുന്നുണ്ടോ? ഉദാ: ജീവിത സാഹചര്യങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട്. | | |
| 3.4 | പദ്ധതിമൂലം ദുരിതമനുഭവിക്കാനിടയാകുന്ന ദുർബലജനവിഭാഗങ്ങൾ. ഉദാ: ആശുപത്രിയിലെ രോഗികൾ, കുട്ടികൾ, പ്രായം ചെന്നവർ. | | |
| 3.5 | മറ്റേതെങ്കിലും കാരണങ്ങൾ. | | |

4. നിർമാണ, പ്രവർത്തന, അഴിച്ചുകൊണ്ടുപോകൽ സമയത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖര മാലിന്യങ്ങൾ (MT പ്രതിമാസം)

| ക്രമ നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ, അവയുടെ സ്രോതസ് (മതിപ്പു നിരക്ക്, അളവ് തുടങ്ങിയവ) |
|---|---|---|---|
| 4.1 | സ്പോയിൽ അല്ലെങ്കിൽ ഖനനജന്യമാലിന്യങ്ങൾ | | |
| 4.2 | നഗര മാലിന്യങ്ങൾ (ഗാർഹികവും വാണിജ്യപരവുമായ പാഴ്വസ്തുക്കൾ) | | |
| 4.3 | ആപൽ സാധ്യതയുള്ള മാലിന്യങ്ങൾ (ആപൽ സാധ്യതയുള്ള പാഴ്വസ്തുക്കൾ കൈകാര്യം ചെയ്യൽ നിയമപ്രകാരം) | | |
| 4.4 | മറ്റു വ്യവസായ പ്രവർത്തനത്തിലെ പാഴ്വസ്തുക്കൾ | | |
| 4.5 | അധിക ഉൽപ്പന്നം | | |
| 4.6 | ഓടികളിലെയോ പാഴ്വസ്തു സംസ്കരണ ശാലകളിലെയോ മേൽപ്പാളി | | |

| | | | |
|---|---|---|---|
| 4.7 | നിർമാണത്തിലെ/പൊളിച്ചുമാറ്റലിലെ പാഴ്‌വസ്തു | | |
| 4.8 | അധികമായ മെഷീനുകൾ, ഉപകരണങ്ങൾ | | |
| 4.9 | മാലിന്യം കലർന്ന മണ്ണും ഇതരവസ്തുക്കളും | | |
| 4.10 | കാർഷിക പാഴ്‌വസ്തുക്കൾ | | |
| 4.11 | മറ്റു ഖരമാലിന്യങ്ങൾ | | |

5. മാലിന്യ കാരണങ്ങൾ, ആപൽകാരണങ്ങൾ, വിഷവസ്തുക്കൾ, അരോചക പദാർത്ഥങ്ങൾ എന്നിവ വായുവിലേക്കു തുറന്നു വിടുന്നത് (കിലോഗ്രാം/മണിക്കൂർ)

| ക്രമ നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ, അവയുടെ സ്രോതസ് (മതിപ്പു നിരക്ക്, അളവ് തുടങ്ങിയവ) |
|---|---|---|---|
| 5.1 | നിർത്തിയിട്ടോ ചലിച്ചുകൊണ്ടോ പ്രവർത്തിക്കുന്ന സ്രോതസുകളിൽ ഫോസിൽ ഇന്ധനങ്ങൾ കത്തുമ്പോൾ പുറന്തള്ളപ്പെടുന്ന പുക. | | |
| 5.2 | ഉൽപാദനപ്രവർത്തനത്തിനിടയിൽ പുറന്തള്ളപ്പെടുന്ന പുക | | |
| 5.3 | പദാർത്ഥങ്ങളുടെ സൂക്ഷിപ്പ്, ഗതാഗതം എന്നിവയുടെ ഭാഗമായി പുറന്തള്ളപ്പെടുന്ന പുക | | |
| 5.4 | പ്ലാന്റുകളും, ഉപകരണങ്ങളും ഉൾപ്പെടെ ഉൽപ്പാദന പ്രവർത്തനത്തിനിടയിൽ പുറന്തള്ളപ്പെടുന്ന പുക. | | |
| 5.5 | നിർമാണ സാമഗ്രികൾ ഉൾപ്പെടെയുള്ള പദാർത്ഥങ്ങൾ, അഴുക്കുവെള്ളം, പാഴ്‌വസ്തുക്കൾ എന്നിവ കൈകാര്യം ചെയ്യുന്നതിനിടെ പുറന്തള്ളപ്പെടുന്ന പൊടിയും ഗന്ധവും | | |
| 5.6 | പാഴ്‌വസ്തുക്കളിൽ ഇൻസിനറേറ്ററിൽ കത്തിക്കുമ്പോഴുണ്ടാകുന്ന പുക. | | |
| 5.7 | തുറന്ന അന്തരീക്ഷത്തിൽ പാഴ്‌വസ്തുക്കൾ കത്തിക്കുമ്പോഴുണ്ടാകുന്ന പുക. | | |
| 5.8 | മറ്റേതെങ്കിലും സ്രോതസിൽ നിന്നുള്ള പുക. | | |

6. ശബ്ദം, കമ്പനം, പ്രകാശം, ചൂട് എന്നിവയുടെ ഉൽപ്പാദനം

| ക്രമ നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ, അവയുടെ സ്രോതസ് (മതിപ്പു നിരക്ക്, അളവ് തുടങ്ങിയവ) |
|---|---|---|---|
| 6.1 | ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിൽ നിന്ന് ഉദാ: എൻജിനുകൾ, വെന്റിലേഷൻ പ്ലാന്റുകൾ, ക്രഷറുകൾ. | | |

| | | | |
|---|---|---|---|
| 6.2 | വ്യാവസായികമോ സമാനമോ ആയ പ്രവർത്തന ങ്ങളിൽ നിന്ന്. | | |
| 6.3 | നിർമാണം അല്ലെങ്കിൽ പൊളിച്ചുമാറ്റലിൽ നിന്ന് | | |
| 6.4 | പൊട്ടിക്കൽ അല്ലെങ്കിൽ പൈലെടുക്കുന്നതിൽനിന്ന് | | |
| 6.5 | നിർമാണ സംഭബന്ധമായ ഗതാഗതത്തിൽ നിന്ന് | | |
| 6.6 | വെളിച്ചം കൊടുക്കുകയോ ശീതീകരിക്കുകയോ ചെയ്യുമ്പോൾ | | |
| 6.7 | മറ്റേതെങ്കിലും സ്രോതസിൽ നിന്ന് | | |

7 മാലിന്യകാരണങ്ങളെ ഭൂമിയിലേക്കോ ഓടകളിലേക്കോ ഉപരിതല ജലത്തിലേക്കോ ഭൂഗർഭജല ത്തിലേക്കോ തീരദേശ ജലത്തിലേക്കോ സമുദ്രത്തിലേക്കോ തുറന്നുവിടുന്നതുവഴി കരയ്ക്കും വെള്ളത്തിനുമുണ്ടാകുന്ന മലിനീകരണ ഭീഷണി.

| ക്രമ നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ, അവയുടെ സ്രോതസ് (മതിപ്പു നിരക്ക്, അളവ് തുടങ്ങിയവ) |
|---|---|---|---|
| 7.1 | ആപൽ സാധ്യതയുള്ള വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനിടെയോ സൂക്ഷിപ്പിനിടെയോ തുളുമ്പിവീണോ | | |
| 7.2 | ഓടമാലിന്യം അല്ലെങ്കിൽ ഇതര മാലിന്യങ്ങൾ കരയിലോ വെള്ളത്തിലോ എത്തിച്ചേരുക വഴി (ഇതിനായി പ്രതീക്ഷിക്കുന്ന മാർഗവും നിക്ഷേപിക്കുന്ന സ്ഥലവും) | | |
| 7.3 | വായുവിലേക്കു തുറന്നുവിട്ട മാലിന്യകാരണങ്ങൾ കരയിലോ വെള്ളത്തിലോ ചെന്നെത്തുക വഴി. | | |
| 7.4 | മറ്റേതെങ്കിലും സ്രോതസിൽ നിന്ന് | | |
| 7.5 | ഈ സ്രോതസുകളിൽ നിന്ന ദീർഘകാലം പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ മുഖേന പരിസ്ഥിതിക്ക് എന്തെങ്കിലും ആഘാതമുണ്ടാകാ നിടയുണ്ടോ. | | |

8. മനുഷ്യരുടെ ആരോഗ്യത്തെയെ പരിസ്ഥിതിയെയോ ദോഷകരമായി ബാധിക്കുന്ന വിധത്തിലുള്ള അപകടങ്ങൾക്ക് പദ്ധതിയുടെ നിർമാണത്തിനോ നടത്തിപ്പിനോ ഇടയിൽ സാധ്യതയുണ്ടോ.

| ക്രമ നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ, അവയുടെ സ്രോതസ് (മതിപ്പു നിരക്ക്, അളവ് തുടങ്ങിയവ) |
|---|---|---|---|
| 8.1 | സ്ഫോടനങ്ങൾ,തുളുമ്പിവീഴലുകൾ, തീപിടുത്തം മുതലായവ സൂക്ഷിപ്പിനോ നടത്തിപ്പിനോളിടയിൽ ഉണ്ടാകുക വഴി | | |

| | | | |
|---|---|---|---|
| 8.2 | മറ്റേതെങ്കിലും കാരണം കൊണ്ട് | | |
| 8.3 | പ്രകൃതിക്ഷോഭങ്ങൾ പദ്ധതിയെ ബാധിക്കുകയും അതുവഴി പരിസ്ഥിതി നാശത്തിനിടയാക്കുകയും ചെയ്യാനിടയുണ്ടോ. (ഉദാ: പ്രളയം, ഭൂമികുലുക്കം, മണ്ണിടിച്ചിൽ തുടങ്ങിയവ) | | |

9. പദ്ധതി പ്രദേശത്ത് നിലവിലുള്ളതോ ഭാവിയിൽ വരാനിടയുള്ളതോ ആയ പ്രവർത്തനങ്ങളുമായി ചേരുമ്പോൾ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കോ സഞ്ചിതാഘാതങ്ങൾക്കോ ഇടയാക്കാവുന്ന ഘടകങ്ങൾ (ഉദാ : തുടർവികസനം)

| ക്രമ നമ്പർ | വിവരം/വിലയിരുത്തൽ പട്ടിക | ഉവ്വ്/ഇല്ല | ഇതര വിവരങ്ങൾ, അവയുടെ സ്രോതസ് (മതിപ്പു നിരക്ക്, അളവ് തുടങ്ങിയവ) |
|---|---|---|---|
| 9.1 | തുടർ വികസനത്തിലേക്കു നയിക്കാവുന്ന ഘടകങ്ങൾ - ഉപവികസനം, പാർശ്വവികസനം എന്നിങ്ങനെ പരിസ്ഥിതിയിൽ ആഘാത മേൽപ്പിക്കാൻ കഴിഞ്ഞേക്കാവുന്ന ഘടകങ്ങൾ.<br>അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ (റോഡുകൾ, ഊർജവിതരണ സംവിധാനം, പാഴ് വസ്തു-പാഴ്ജല സംസ്കരണം മുതലായവ).<br>ഭവനനിർമാണ വികസനം<br>സത്തെടുക്കൽ വ്യവസായങ്ങൾ<br>സപ്ലൈ വ്യവസായങ്ങൾ<br>മറ്റേതെങ്കിലും. | | |
| 9.2 | പദ്ധതി പ്രദേശത്ത് അവശേഷിക്കുന്ന ഭൂമി, അതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതം. | | |
| 9.3 | തുടർവികസനങ്ങൾക്ക് പദ്ധതിയിൽ ഇടമുണ്ടോ | | |
| 9.4 | ഇതേ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന സമാന സ്വഭാവമുള്ള പദ്ധതികൾ സമീപത്തു തന്നെയുള്ളതിനാൽ അവയുമായി ചേർന്ന് സഞ്ചിത പ്രത്യാഘാതത്തിനു സാധ്യതയുണ്ടോ. | | |

## III പാരിസ്ഥിതിക ലോലത

| ക്രമമ്പർ | മേഖലകൾ | പേര്/ അടയാളം | നിർദിഷ്ട പദ്ധതി പ്രദേശത്തിന്റെ അതിർത്തി. വായു മാർഗേന യുള്ള ദൂരം (15 കിലോ മീറ്ററിനുള്ളിൽ) |
|---|---|---|---|
| 1. | പാരിസ്ഥിതികമോ ഭൂ സൗന്ദര്യപരമോ സാംസ്കാരികമോ മറ്റേതെങ്കിലും കാരണത്താലോ രാജ്യാന്തര കൺവൻഷനുകൾ ദേശീയമോ പ്രാദേശികമോ ആയ നിയമനിർമാണം എന്നിവ മൂലം സംരക്ഷിതമായ പ്രദേശം. | | |

| | | | |
|---|---|---|---|
| 2. | ജലശേഖരം, ജലപാത, ജലാശയം, തീരമേഖല, ജൈവമണ്ഡലം, മലകൾ, വനഭൂമി എന്നീത്യാദി കാരണങ്ങളാൽ പാരിസ്ഥിതിക പ്രധാനമോ പാരിസ്ഥിതിക ലോലമോ ആയ പ്രദേശങ്ങൾ. | | |
| 3. | സംരക്ഷിതമോ പ്രാധാന്യമുള്ളതോ ലോലമോ ആയ ജന്തു സസ്യ വർഗങ്ങൾ പ്രവർത്തന ത്തിനോ, കൂടുകൂട്ടലിനോ, തീറ്റതേടലിനോ, വിശ്രമത്തിനോ, ശീതകാല വാസത്തിനോ ഉപയോഗിക്കുന്ന പ്രദേശങ്ങൾ. | | |
| 4. | ഉൾനാടൻ, തീരദേശ, സമുദ്ര, ഭൂഗർഭ ജലമേഖലകൾ. | | |
| 5. | സംസ്ഥാന, ദേശീയ അതിർത്തികൾ. | | |
| 6. | വിനോദോപാധികൾ, ഉല്ലാസയാത്രകൾ, തീർത്ഥയാത്രകൾ എന്നിത്യാദി ആവശ്യങ്ങൾ ക്കായി പൊതുജനങ്ങൾ യാത്ര ചെയ്തു പോരുന്ന റൂട്ടുകൾ, സൗകര്യപ്രദേശങ്ങൾ. | | |
| 7. | പ്രതിരോധ സ്ഥാപനങ്ങൾ | | |
| 8. | ജനസാന്ദ്രതയേറിയതോ നിർമിതികൾ നിറഞ്ഞതോ ആയ പ്രദേശം. | | |
| 9. | ലോലവും മനുഷ്യനിർമിതവുമായ ഭൂവിനിയോഗ പദ്ധതികളുടെ സ്ഥലം (ആശുപത്രികൾ, സ്കൂളുകൾ, ആരാധനാലയങ്ങൾ, പൊതുസൗകര്യ കേന്ദ്രങ്ങൾ). | | |
| 10. | പ്രാധാന്യമുള്ളതോ ഉയർന്ന ഗുണനിലവാരമു ള്ളതോ ദുർലഭമോ ആയ വിഭവങ്ങളുടെ പ്രദേശം (ഭൂഗർഭജലവിഭവം, ഉപരിതല വിഭവം, വനം, കൃഷി, മൽസ്യബന്ധനം, ടൂറിസം, ധാതുക്കൾ) | | |
| 11. | മലിനീകരണത്തിനോ പാരിസ്ഥിതിക നഗരത്തിനോ ഇതിനകം ഇടയായിത്തീർന്ന സ്ഥലങ്ങൾ (നിലിവി ലുള്ള പാരിസ്ഥിതിക നിയമമാനദണ്ഡങ്ങൾ അതിലംഘിക്കപ്പെട്ടുകഴിഞ്ഞ സ്ഥലങ്ങൾ) | | |
| 12. | പരിസ്ഥിതിക്കു ഭീഷണിയായി മാറുന്നവിധം പദ്ധതി യുടെ തകർച്ചയ്ക്കുകാരണമാകാവുന്ന പ്രകൃതി ക്ഷോഭങ്ങൾക്കു സാധ്യതയുള്ള സ്ഥലം (ഭൂമി കുലുക്കം, മണ്ണിടിച്ചിൽ, മണ്ണൊലിപ്പ്, പ്രളയം, അങ്ങേയറ്റം ദുർവഹമായ കാലാവസ്ഥാ സാഹ ചര്യങ്ങൾ എന്നിങ്ങനെ) | | |

**<u>നിർദിഷ്ട തീരനിയന്ത്രണ മേഖലാ വിജ്ഞാപനം</u>**

- നിലവിലുള്ള തീരനിയന്ത്രണ മേഖലാ വിജ്ഞാപനം 1991-ന് ആമുഖമോ ലക്ഷ്യമോ ചേർത്തിട്ടില്ല. നിരവധി തവണ കോടതികളിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളതാണീ സാഹചര്യം. തീരനിയന്ത്രണ മേഖലാ വിജ്ഞാപനം 199-ന്റെ ലക്ഷ്യമെന്തെന്ന് കോടതികൾ ആരാഞ്ഞിട്ടുള്ളതാണ്.
- ഇറ്റാലിക്സിലും അടിവരയിട്ടും കാണപ്പെടുന്ന ഭാഗങ്ങൾ പുതുതായി കൂട്ടിച്ചേർക്കപ്പെട്ടത്.
- നിബന്ധനകൾ/വാക്കുകൾ തിരുത്തുന്നു എന്നതാണ് ഇറ്റാലിക്സ് വ്യക്തമാക്കുന്നത്.
- അനുബന്ധം- I (തീരമേഖലാ പരിപാലന പദ്ധതി തയാ റാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ) അനുബന്ധം- IV (തീര നിയന്ത്രണ മേഖലയിൽ നിന്ന് അനുമതി സമ്പാദിക്കുന്നതിനുള്ള ഫോറം I) എന്നിവ പൂർണമായും പുതിയ കൂട്ടിച്ചേർക്കലുകളാണ്.